# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഏഴംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഡി.പി.റ്റി.എ.പി 10 - 667/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 26/10/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏഴംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡി.പി.റ്റി.എ.പി 10 - 667/21 തീയ്യതി: 26/10/2021

## പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 09-09-2021 | 23-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-09-2021 | 23-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ടി. അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ജയപ്രഭ പി., അസി.ഓഡിറ്റ് ഓഫീസർ
ശ്രീ മഹേഷ് കുമാർ കെ.ആർ., അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി ദീപ എസ്., അസി.ഓഡിറ്റ് ഓഫീസർ
ശ്രീ അരുൺ പി.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ദീപ കെ.എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലത ബി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ഡോ. എം. ശ്രീകല | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 15-05-2019 |
| ശ്രീമതി ലക്ഷ്മി എസ്. | സെക്രട്ടറി | 15-05-2019 | 14-07-2019 |
| ശ്രീമതി ബിന്ദു ലേഖ | സെക്രട്ടറി | 15-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സിന്ധു | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ജൂലിയറ്റ് ബി. പിള്ള | വെറ്ററിനറി സർജൻ | 01-04-2019 | 31-07-2019 |
| ഡോ. വിഷ്ണു. എസ് | വെറ്ററിനറി സർജൻ | 01-08-2019 | 31-03-2020 |
| ഡോ. ശ്രീജിത്ത് ബാബു | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.പൂർണ്ണിമ വി. രാഘവൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. ഷൈമ യൂസഫ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-07-2019 |
| ഡോ.മാൻസി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-08-2019 | 25-12-2019 |
| ഡോ. അസിത എ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 26-12-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി തുളസിഭായി | ഹെഡ്മാസ്റ്റർ, ഗവ. എൽ. പി.എസ്. | 01-04-2019 | 31-03-2020 |
| ശ്രീമതി ജയമോൾ വി.എൻ | അസി. എഞ്ചിനീയർ (ത.സ്വ.ഭ.വ) | 01-04-2019 | 31-03-2020 |
| ശ്രീ. വിനയകുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. സജി പി. വിജയൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ. എം ശ്രീകല | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 23-07-2019 |
| ശ്രീ. എബ്രഹാം ശാമുവേൽ | അസിസ്റ്റന്റ് സെക്രട്ടറി | 24-07-2019 | 31-03-2020 |
| ശ്രീമതി രജിത ആർ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സജി പി. വിജയൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Deepa S (Asst. Audit Officer, On 22-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Jayaprabha P (Asst. Audit Officer, On 24-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Deepa S (Asst. Audit Officer, On 22-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Jayaprabha P (Asst. Audit Officer, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 26-10-2021) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Jayaprabha P (Asst. Audit Officer, On 24-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-4-1 |
| 6 | ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിച്ചില്ല - ലാപ്സായത് 1.22 കോടി രൂപ<br>Written By: Jayaprabha P (Asst. Audit Officer, On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-4-2 |
| 7 | പദ്ധതി അവലോകനം<br>Written By: Deepa S (Asst. Audit Officer, On 22-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Deepa S (Asst. Audit Officer, On 22-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Deepa S (Asst. Audit Officer, On 22-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Deepa S (Asst. Audit Officer, On 22-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-11-2021) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Deepa S (Asst. Audit Officer, On 22-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-9 |
| 12 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Deepa S (Asst. Audit Officer, On 22-09-2021)<br>Last Updated By: Johncy John (Computer Assistant, On 23-10-2021) | 1-10 |
| 13 | തൊഴിൽ നികുതി -1.28 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.<br>Written By: K S Deepa (Auditor, On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-11-2021) | 1-11 |
| 14 | തൊഴിൽ നികുതി പിരിവ് - അപാകതകൾ<br>Written By: K S Deepa (Auditor, On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-12 |
| 15 | ലേലം ഉപേക്ഷിച്ചു - പഞ്ചായത്തിന് വരുമാന നഷ്ടം<br>Written By: K S Deepa (Auditor, On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-13 |
| 16 | ചട്ടങ്ങൾ പ്രകാരമല്ലാതെ ചെറു പ്ലോട്ടിൽ നിർമ്മിച്ച വാണിജ്യ കെട്ടിടം ക്രമവൽക്കരിച്ചു<br>Written By: K R Maheshkumar (Asst. Audit Officer, On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-14 |
| 17 | ഇരുനില വാണിജ്യ കെട്ടിടത്തിനോടു ചേർന്നു ചട്ടങ്ങൾ | 1-15 |

| | | |
|---|---|---|
| | ലംഘിച്ചു നിർമ്മിച്ച കെട്ടിടം ക്രമവൽക്കരിച്ചു നൽകി<br>Written By: K R Maheshkumar (Asst. Audit Officer, On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | |
| 18 | ഗ്രൗണ്ട് ഫ്ലോറിന്റെ ഭൂരിഭാഗവും പാർക്കിംഗ് സ്ഥലമായി ഉപയോഗിക്കുമെന്ന കരാറിൽ വാണിജ്യ കെട്ടിടത്തെ ക്രമവൽക്കരിച്ചു.<br>Written By: K R Maheshkumar (Asst. Audit Officer, On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-16 |
| 19 | വാണിജ്യ കെട്ടിടം നിയമപരമല്ലാതെ ക്രമവൽക്കരിച്ചു നൽകി.<br>Written By: K R Maheshkumar (Asst. Audit Officer, On 25-09-2021)<br>Last Updated By: Johncy John (Computer Assistant, On 13-10-2021) | 1-17 |
| 20 | പാർപ്പിടാവശ്യത്തിനു നിർമ്മിച്ച കെട്ടിടം വാണിജ്യകെട്ടിടമായി ക്രമവൽക്കരിച്ചു നൽകി.<br>Written By: K R Maheshkumar (Asst. Audit Officer, On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-18 |
| 21 | കെട്ടിടനിർമ്മാണ പെർമിറ്റിനോടൊപ്പം വികസനപെർമിറ്റും നൽകുന്നത്- തുടർ നിരീക്ഷണമില്ല.<br>Written By: K R Maheshkumar (Asst. Audit Officer, On 25-09-2021)<br>Last Updated By: Johncy John (Computer Assistant, On 13-10-2021) | 1-19 |
| 22 | ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് - അപാകതകൾ<br>Written By: Arun P B (Senior Grade Auditor, On 24-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-20 |
| 23 | ബാലസഭാ പ്രോഗ്രാം - തുക തിരികെ ലഭിച്ചില്ല<br>Written By: Arun P B (Senior Grade Auditor, On 24-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-21 |
| 24 | അർഹരായ ഗുണഭോക്താക്കളുടെ അഭാവം -ചെലവ് ശതമാനം കുറയുന്നു<br>Written By: Deepa S (Asst. Audit Officer, On 22-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-22 |
| 25 | വനിതാ ഘടക പദ്ധതി ലക്ഷ്യം കണ്ടില്ല<br>Written By: Jayaprabha P (Asst. Audit Officer, On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-23 |
| 26 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നില്ല<br>Written By: T Anilkumar (Audit Officer (HG), On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-24 |
| 27 | നിർജ്ജീവമായ കുടിവെള്ള പദ്ധതികൾ പുനരുജ്ജീവിപ്പിക്കണം<br>Written By: T Anilkumar (Audit Officer (HG), On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-25 |
| 28 | കൃഷിഭവൻ വക ട്രാക്ടറും, ടില്ലറും അന്യാധീനപ്പെട്ടു<br>Written By: T Anilkumar (Audit Officer (HG), On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-26 |
| 29 | പഞ്ചായത്ത് ഒടുക്കിയ വെള്ളകര കുടിശ്ശക 559129 രൂപ വാട്ടർ അതോറിറ്റി കണക്കിൽപ്പെടുത്തിയില്ല; കുടിശ്ശിക 14.75 ലക്ഷമായി പെരുകി<br>Written By: T Anilkumar (Audit Officer (HG), On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-27 |
| 30 | അസി.എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം - അപാകതകൾ<br>Written By: T Anilkumar (Audit Officer (HG), On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-28 |
| 31 | മരാമത്ത് പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്താതെ ബിൽ തുക നൽകി | 1-29 |

| | | |
|---|---|---|
| | Written By: T Anilkumar (Audit Officer (HG), On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | |
| 32 | കരാർ വെച്ചതിനുശേഷം പ്രവൃത്തി ഉപേക്ഷിച്ച കരാറുകാർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ ഗുരുതര വീഴ്ച<br>Written By: T Anilkumar (Audit Officer (HG), On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-30 |
| 33 | ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് ചെലവ് 3 ലക്ഷം ; പൊതു പണത്തിന്റെ ധൂർത്ത്<br>Written By: T Anilkumar (Audit Officer (HG), On 27-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-31 |
| 34 | നിർമ്മാണം പൂർത്തിയാക്കിയ സാമൂഹ്യസേവന പഠനകേന്ദ്രം - ഉദ്ദേശ്യലക്ഷ്യം കൈവരിച്ചില്ല<br>Written By: T Anilkumar (Audit Officer (HG), On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-11-2021) | 1-32 |
| 35 | സെൽഫ് ഡിക്ലറേഷൻ ഫാറം ഹാജരാക്കാതെ കരാറുകാർക്ക് GST കോമ്പൻസേഷൻ അനുവദിച്ചു<br>Written By: T Anilkumar (Audit Officer (HG), On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-33 |
| 36 | ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച<br>Written By: T Anilkumar (Audit Officer (HG), On 28-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-34 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ നൽകിയ തുകയുടെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 21-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 4-3 |
| 4 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: Johncy John (Computer Assistant, On 13-10-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: Johncy John (Computer Assistant, On 13-10-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: Johncy John (Computer Assistant, On 13-10-2021) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |

| | | |
|---|---|---|
| | Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: Johncy John (Computer Assistant, On 13-10-2021) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബഡ്ജറ്റ്.

2019-20 വർഷത്തെ ബഡ്ജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.02.2019ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് 17.03.2020 തീയതിയിൽ അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക 06/05/2020-ന് ഇ-സബ്മിറ്റ് ചെയ്തിരുന്നു. വാർഷിക ധനകാര്യ പത്രികയുടെ പരിശോധന പ്രകാരം കണ്ട പ്രധാന ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) ഷെഡ്യൂൾ ബി3 : ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-മുൻ വർഷത്തെ തുക തന്നെയാണ് തൻ വർഷത്തെ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

2) ഷെഡ്യൂൾ B11:- ആസ്തി രജിസ്റ്റർ കൃത്യമായി അപ്ഡേറ്റ് ചെയ്യാത്തതിനാൽ സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമാണോ എന്നത് പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

3) ഷെഡ്യൂൾ B11(A):-(Capital Work In Progress ) തൻവർഷം നൽകിയ പാർട്ട് ബില്ലുകൾ അക്കൗണ്ട് ചെയ്തിട്ടില്ല. അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 വർഷം 1099338 രൂപയുടെ പാർട്ട് ബില്ലുകൾ നൽകിയിട്ടുണ്ട്.

4)ഷെഡ്യൂൾ RP-43, I-1:വസ്തു നികുതി ഡിമാന്റ്, കളക്ഷൻ തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5)ക്ഷേമ പെൻഷനുകൾ - വാർഷിക കണക്കിലെ തുകകൾ സേവന സോഫ്റ്റ്‌വെയറിലെ തുകകളുമായി പൊരുത്തപ്പെട്ടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പെൻഷൻ ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക | സേവന സോഫ്റ്റ് വെയർ പ്രകാരമുള്ള തുക |
|---|---|---|
| വാർദ്ധക്യ കാല പെൻഷൻ | 10309500 | 16933500 |
| കർഷകത്തൊഴിലാളി പെൻഷൻ | 880200 | 1433400 |
| വിധവാ പെൻഷൻ | 4164600 | 6816600 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 201600 | 324000 |
| ഭിന്ന ശേഷിക്കാർക്കുള്ള പെൻഷൻ | 1544100 | 2448300 |

6) ജീവനക്കാരുടെ തൊഴിൽ നികുതി വാർഷിക കണക്ക് പ്രകാരം ടി ഇനത്തിൽ കുടിശ്ശിക ഇല്ല. എന്നാൽ രജിസ്റ്റർ പ്രകാരം 128240 രൂപ കുടിശ്ശിക ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 43351824 |
| വരവ് | 83159089 |
| ആകെ | 126510913 |
| ചെലവ് | 85637317 |
| നീക്കിയിരിപ്പ് | 40873596 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ബാക്കി തുകയുടെ വിശദാംശം | |
|---|---|---|---|---|---|---|---|
| | | | | | | ട്രഷറി ക്യൂബിൽ | ലാപ്സായ തുക |
| വികസനഫണ്ട് (ജനറൽ) | 0 | 16008000 | 16008000 | 14535713 | 1472287 | 1469990 | 2297 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 12526000 | 12526000 | 8297109 | 4228891 | 1574851 | 2654040 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 12238017 | 12238017 | 3662808 | 8575209 | 3723930 | 4851279 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 15527000 | 15527000 | 8959016 | 6567984 | 3356391 | 3211593 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5092000 | 5092000 | 3539800 | 1552200 | 51140 | 1501060 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | | |
| ഐ.സി.ഡി.എസ്സ് കേന്ദ്ര വിഹിതം | 1507283 | 1200037 | 2707320 | 513430 | 2193890 | | |
| സ്വച്ഛ ഭാരത് | 638588 | 0 | 638588 | 338304 | 300284 | | |
| പെർഫോമൻസ് ഗ്രാന്റ് | 1181024 | 0 | 1181024 | 0 | 1181024 | | |
| ഒ ഡി എഫ് | 6000 | 0 | 6000 | 0 | 6000 | | |
| എൻ.ആർ.ഇ.ജി.എസ്സ് | 26137 | 60585290 | 60611427.70 | 60611427.70 | 0 | | |
| പൈക | 46633 | 0 | 46633 | 0 | 46633 | | |

സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ

| | | | | | | | |
|---|---|---|---|---|---|---|---|
| വിമുക്തി | 50500 | 0 | 50500 | 0 | 50500 | വിമുക്തി | 50500 |
| ഫ്ളഡ് റിലീഫ് ഗ്രാന്റ് | 15035 | 0 | 15035 | 0 | 15035 | ഫ്ളഡ് റിലീഫ് ഗ്രാന്റ് | 15035 |
| ഐ.സി.ഡി.പി ഡയറി | 134259 | 0 | 134259 | 0 | 134259 | ഐ.സി.ഡി.പി ഡയറി | 134259 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

വികസന ഫണ്ട് ജനറൽ, എസ്സ്.സി.പി എന്നിവയുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് തുകകളും യഥാർത്ഥ വരവ് തുകകളും തമ്മിൽ വ്യതിയാനം ഉണ്ട്.

അലോട്ട്മെന്റ് പ്രകാരമുള്ള വരവിനു പകരം സോഴ്സ് ഡിഡക്ഷൻ കുറവ് ചെയ്തതിന് ശേഷമുള്ള അറ്റ തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് തുക | സ്രോതസ്സിൽ നിന്ന് കുറവു ചെയ്ത തുക | | | | അറ്റ തുക/ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് |
|---|---|---|---|---|---|---|
| | | ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് | 2018-19 -ൽ അങ്കണവാടി ജീവനക്കാരുടെ പ്രതിഫലത്തിൽ ഈടാക്കുന്ന തുക | കേരള ജല അതോറിറ്റിക്ക് അടയ്ക്കേണ്ട കുടിശ്ശിക തുക | കെ.എസ്സ് ഇ.ബിയ്ക്ക് അടയ്ക്കേണ്ട കുടിശ്ശിക തുക | |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 16008000 | 632353 | 700800 | 16998 | 54 | 14657795 |
| വികസന ഫണ്ട്(എസ്സ്.സി.പി) | 12526000 | 220588 | - | - | - | 12305412 |

## 1-4-2 ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിച്ചില്ല - ലാപ്സായത് 1.22 കോടി രൂപ

ലഭ്യമായ ഗ്രാന്റുകൾ സമയ ബന്ധിതമായി വിനിയോഗിക്കാത്തത് മൂലം തൻ വർഷം ഗ്രാന്റിനത്തിൽ ലഭിച്ച തുകയിൽ 12220269 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടു.

| ഗ്രാന്റ് | ലാപ്സായ തുക |
|---|---|
| വികസനഫണ്ട് (ജനറൽ) | 2297 |
| വികസനഫണ്ട് (എസ്.സി.പി) | 2654040 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 4851279 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 3211593 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 1501060 |
| ആകെ | 12220269 |

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്ന തുകയാണ് ഇത്തരത്തിൽ നഷ്ടമായത്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പദ്ധതി ചെലവ് (ശതമാനം) |
|---|---|---|---|---|---|
| 213 | 131471240 | 126 | 54406511 | 87 | 41.38 |

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പ്രോജക്ടുകളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 59% പ്രോജക്ടുകൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കാൻ ലക്ഷ്യമിട്ട തുകയുടെ 41.38% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ച പ്രോജക്ടുകളും നടപ്പിലാക്കിയതിന്റെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ചത് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 3765840 | 1754689 | 46.59 |
| വെറ്ററിനറി സർജൻ | 3 | 3 | 1810000 | 872500 | 48.2 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 14 | 12 | 4865757 | 2812379 | 57.80 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 150000 | 150000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 3 | 1050000 | 1050000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15 | 12 | 52483737 | 17793670 | 33.9 |
| ഐ.സി.ഡി.എസ്. | 12 | 7 | 7486600 | 5460692 | 72.94 |

| | | | | | |
|---|---|---|---|---|---|
| സൂപ്പർവൈസർ | | | | | |
| സെക്രട്ടറി | 35 | 18 | 10826329 | 3879783 | 35.84 |
| ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്. | 5 | 2 | 2537630 | 1096030 | 43.19 |
| അസി.എഞ്ചിനീയർ (തസ്വഭവ) | 109 | 58 | 39089697 | 17676560 | 45.22 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1880000 | 610208 | 32.46 |
| അസി.സെക്രട്ടറി | 9 | 4 | 5525650 | 1250000 | 22.62 |
| ആകെ | 213 | 126 | 131471240 | 54406511 | 41.38 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർഇ..ജി.എസ് - അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 26137.70 | 2335153 | 2361290.7 | 2361290.7 | 0 |
| എം.ജി.എൻ.ആർഇ..ജി.എസ് തൊഴിലാളികളുടെ വേതനം | 0 | 58250137 | 58250137 | 58250137 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1. | കർഷകത്തൊഴിലാളി പെൻഷൻ | 162 | 1433400 |
| 2. | വാർദ്ധക്യകാല പെൻഷൻ | 2840 | 16933500 |
| 3. | വിധവാ പെൻഷൻ | 1212 | 6816600 |
| 4. | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 396 | 2448300 |
| 5. | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 54 | 324000 |
| 6. | തൊഴിൽ രഹിത വേതനം | 54 | 95280 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.09.2021 തീയതിയിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയും, 36406 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെടുകയും ചെയ്തു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ പൊതു ആഭ്യന്തരനിയന്ത്രണം സുഗമമാക്കുന്നതിന് ഭരണസമിതി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് 31.12.2019 മുതൽ 3 വർഷത്തേക്ക് ISO സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ടെങ്കിലും റിക്കാർഡ് മുറി സജ്ജീകരിച്ച് രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിനുള്ള നടപടികൾ മന്ദഗതിയിലാണ്. ഓഫീസ് ഓർഡർ മുഖേന ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചുകൊണ്ട് ജോലി വിഭജനം ചെയ്തിട്ടുള്ളത് സ്ഥാപനത്തിന്റെ ദൈനംദിന ഇടപാടുകളും പ്രവർത്തനങ്ങളും സുഗമമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

രേഖകളുടെ സൂക്ഷിപ്പ്:
ഫയലുകളും രേഖകളും രജിസ്റ്ററുകളും ബന്ധപ്പെട്ട വൗച്ചറുകളും യഥാവിധി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. പണ സംബന്ധമായ ഇടപാടുകളിൽ നിയമവും ചട്ടവും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും പലപ്പോഴും ലംഘിക്കപ്പെട്ടു. ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ എം.ഒ.പി. പാലിച്ചിട്ടില്ല. ഇൻകംബൻസി മാസ്റ്റർ രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ മുതലായ സുപ്രധാന രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിരുന്നില്ല.

ആസ്തി സംരക്ഷണം: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് കാലികമാക്കുന്നതിനും ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്:
പഞ്ചായത്തിലെ പ്രധാന വരവിനങ്ങളുടെയൊന്നും ഡിമാന്റ് രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററുകൾ കൂട്ടി എഴുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ കണക്കാക്കിയിട്ടില്ല. പകരം സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വരവ് കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.08.2018 മുതൽ 13.09.2018 വരെ | 2013-2014 To 2017-2018 | 23.10.2018 |
| പെർഫോർമൻസ് ഓഡിറ്റ് | 06.08.2021 - 11.08.2021 | 04/2020 - 03/2021 | 13.08.2021 |

## 1-11 തൊഴിൽ നികുതി -1.28 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

2019-20 -ൽ തൊഴിൽനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുകയോ, നികുതി കുടിശ്ശിക പിരിച്ചെടുക്കുകയോ ചെയ്യാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്ക് പ്രകാരം വർഷാന്ത്യത്തിൽ തൊഴിൽ നികുതി ഇനത്തിൽ കുടിശ്ശിക ഇല്ല. എന്നാൽ രജിസ്റ്റർ പ്രകാരം 128240 രൂപ കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു. ഓഡിറ്റ് വേളയിൽ എൻക്വയറി നം. 11/17/9/21 ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം 11 സ്ഥാപനങ്ങളിൽ നിന്നായി 33480 രൂപ 2019-20 വർഷം നികുതി ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ തൻവർഷവും, തുടർന്നുള്ള വർഷങ്ങളിലും കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയോ, കുടിശ്ശിക പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റിന് സമർപ്പിച്ച 2020-21 വർഷത്തെ വാർഷിക കണക്ക് പ്രകാരവും ഡി.സി.ബി. സ്റ്റേറ്റ്മെന്റ് പ്രകാരവും തൊഴിൽനികുതി ഇനത്തിൽ കുടിശ്ശിക ഇല്ല. ഇതിൽനിന്നും 2019-20 വർഷാന്ത്യത്തിൽ പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്ന തുക പിരിച്ചെടുക്കാതെ പഞ്ചായത്തിന്റെ കണക്കുകളിൽനിന്നും ഒഴിവാക്കപ്പെട്ടതായാണ് വ്യക്തമാകുന്നത്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള കൃത്യവിലോപം ശ്രദ്ധയിൽപ്പെടുത്തുന്നു. കുടിശ്ശിക തുക ബന്ധപ്പെട്ട നികുതിദായകരിൽ നിന്നോ, അല്ലാത്തപക്ഷം കുടിശ്ശിക ഈടാക്കുന്നതിന് വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരിൽനിന്നോ ഈടാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി പിരിവ് - അപാകതകൾ

2019-20-ലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടുള്ള ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയ ജീവനക്കാരുടെ എണ്ണം | ഒന്നാം അർദ്ധവർഷം ഡിമാന്റ് ചെയ്ത് ഈടാക്കിയ നികുതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ആർഷ വിദ്യാ ജ്യോതി പബ്ലിക് സ്കൂൾ | 22 | 6270 |
| 2 | ചുണ്ടാമണ്ണിൽ ബാങ്കേഴ്സ്, ഏഴംകുളം | 1 | 750 |
| 3 | താഴയിൽ നിധി ലിമിറ്റഡ് | 3 | 1650 |
| 4 | പോസ്റ്റ് ഓഫീസ്, തേപ്പുപാറ | 1 | 1250 |
| 5 | ഡോനാ ഫിനാൻസ് | 1 | 1250 |
| 6 | എസ്.എസ്. മോട്ടോഴ്സ്, ഏനാത്ത് | 10 | 4650 |
| 7 | അറുകാലിക്കൽ ദേവസ്വം | 12 | 15300 |

ടി സ്ഥാപനങ്ങളെ രണ്ടാം അർദ്ധവർഷ തൊഴിൽനികുതി പിരിവിൽനിന്നും ഒഴിവാക്കിയതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം:16/19-20;17.09.2021) മറുപടി ലഭ്യമാക്കിയില്ല. ഈടാക്കാൻ അവശേഷിക്കുന്ന നികുതി തുക കുടിശ്ശിക ഡിമാന്റിൽ ഉൾപ്പെടുത്തി ബന്ധപ്പെട്ട ജീവനക്കാരിൽനിന്നോ, അല്ലാത്തപക്ഷം നികുതി ക്രമപ്രകാരം പിരിച്ചെടുക്കുന്നതിൽ വീഴ്ചവരുത്തിയവരിൽനിന്നോ ഈടാക്കേണ്ടതാണ്.

## 1-13 ലേലം ഉപേക്ഷിച്ചു - പഞ്ചായത്തിന് വരുമാന നഷ്ടം

ഓഡിറ്റ് വർഷം ഏനാത്ത് മാർക്കറ്റ് സ്റ്റാളുകളുടെ ലേലം നടത്താതിരുന്നതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. 2018-19-ൽ മാർക്കറ്റ് സ്റ്റാളുകൾ ലേലം നടത്തിയപ്പോൾ പഞ്ചായത്തിന് 1459500 രൂപ ലഭിച്ചിരുന്നു. എന്നാൽ തുടർന്നുള്ള വർഷം ലേലം നടന്നിട്ടില്ല. മാർക്കറ്റിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലം ലേലം കൊള്ളാൻ ആരും തയ്യാറായില്ലെന്ന് ബന്ധപ്പെട്ടവർ വിശദീകരിച്ചു. വരുമാനദായകമായ ആസ്തികൾ യഥാവിധി പരിപാലിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതിന് പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.
ഇറച്ചി സ്റ്റാളുകൾ നടത്തുന്നതിന് ഓഡിറ്റ് കാലയളവിൽ പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടില്ലെങ്കിലും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി സ്റ്റാളുകൾ ഏനാത്ത് മാർക്കറ്റിലും പ്ലാന്റേഷൻ ജംഗ്ഷനിലും ഉള്ളതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അനധികൃത കശാപ്പും ഇറച്ചി വ്യാപാരവും നിരോധിക്കുന്നതിന് പഞ്ചായത്ത് ഫലപ്രദമായ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി ഇറച്ചി വ്യാപാരം ചെയ്യുന്നതിനുള്ള അവകാശം ലേലം ചെയ്ത് നൽകി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 ചട്ടങ്ങൾ പ്രകാരമല്ലാതെ ചെറു പ്ലോട്ടിൽ നിർമ്മിച്ച വാണിജ്യ കെട്ടിടം ക്രമവൽക്കരിച്ചു

| ക്രമ നം | ഉടമസ്ഥന്റെ വിലാസം/ കെട്ടിടത്തിന്റെ ഇനം | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ (ച.മീ) | പ്ലോട്ട് ഏരിയ | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ |
|---|---|---|---|---|---|
| 1 | അനിൽകുമാർ അനിതമന്ദിരം, ഏനാത്ത്, | 14/1180 | 104.84 | 2.72+0.5=3.22ആർ | 8807 |
| | | 14/1181 | 100.24 (ഒന്നാം നില) | | 8000 |

1. സൈറ്റിലുണ്ടായിരുന്ന ഉടമസ്ഥന്റെ കെട്ടിടം ചട്ടങ്ങൾക്ക് കണക്കിലെടുത്തിട്ടില്ല.

ഏനാത്ത് പുതിയ MC റോഡിനരികിലാണ് പുതിയ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്.കെട്ടിടത്തിന്റെ പിൻ ഭാഗത്ത് മറ്റൊരു കെട്ടിടം ഏനാത്ത് പഴയ MC റോഡിനോടു ചേർന്ന് നിർമ്മിച്ചിട്ടുണ്ടായിരുന്നു. കംപ്ലീഷൻ പ്ലാൻ പ്രകാരം പഴയ MC റോഡിനരികിൽ നിർമ്മിച്ച ഈ കെട്ടിടത്തിന്റെ നമ്പർ 04/444 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ പ്രസ്തുത

കെട്ടിടം ഡിമാന്റ് രജിസ്റ്ററിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഈ കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയയോ മറ്റു വിവരങ്ങളോ പ്ലാനിൽ കാണിച്ചിട്ടില്ല. KPBR-2011 റൂൾ 3 പ്രകാരം F.A.R., Coverage, പാർക്കിംഗ്,പ്ലോട്ടിലേക്കുള്ള വഴിയുടെ വീതി, പ്ലോട്ടിലേക്ക് പ്രവേശനം നൽകുന്ന തെരുവിന്റെ വീതി എന്നിവ കണക്കാക്കുന്നതിന് നിലവിലുള്ളതും നിർദ്ദിഷ്ടവുമായ കെട്ടിടത്തിന്റെ എല്ലാ ഏരിയയും കണക്കാക്കണം. എന്നാൽ ഈ പ്ലാനിൽ ഇപ്രകാരം സൈറ്റിലുണ്ടായിരുന്ന കെട്ടിടത്തിന്റെ ഏരിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് കണക്കിലെടുത്തിട്ടില്ല. വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് സൈറ്റിലുള്ള 105.45m2 കെട്ടിടം കണക്കിലെടുത്തു എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിരുന്നു. എന്നാൽ പ്ലാനിൽ കാണിക്കാതെ ഈ കെട്ടിടം ചട്ടങ്ങൾക്കു കണക്കിലെടുത്തത് എപ്രകാരമെന്ന് വിശദീകരിച്ചിട്ടില്ല.

2) കെട്ടിടത്തിനാവശ്യമായ പാർക്കിംഗ് സൈറ്റിലില്ല.

കെട്ടിടത്തിനാവശ്യമായ കാർ പാർക്കിംഗ് ഏരിയ ചുവടെ ചേർക്കുന്നു.

ആകെ ഫ്ലോർ ഏരിയ-134.18 ച.മീ

134.18/75= 2കാർ പാർക്കിംഗ്

എന്നാൽ സൈറ്റ് പരിശോധനയിൽ ഇപ്രകാരം കാർ പാർക്കു ചെയ്യുന്നതിനുള്ള സ്ഥലം ലഭ്യമല്ല എന്നു കണ്ടു.

കംപ്ലീഷൻ പ്ലാൻ പ്രകാരം താഴെ പറയുന്ന അളവിലാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്.

| | |
|---|---|
| സെല്ലാർ | 20.98 |
| ഗ്രൗണ്ട് ഫ്ലോർ | 83.86 |
| ഫസ്റ്റ് ഫ്ലോർ | 83.86 |
| സ്റ്റെയർ ക്യാബിൻ | 16.38 |
| ആകെ | 205.08 M2 |

ഇപ്രകാരം തന്നെയാണ് വസ്തു നികുതി നിർണ്ണയവും നടത്തിയിട്ടുള്ളത്. കംപ്ലീഷൻ പ്ലാനിൽ ഇല്ലാത്ത 53.41M2 സ്ഥലം പാർക്കിംഗിന് ഉണ്ട് എന്ന് ഫസ്റ്റ് ഗ്രേഡ് ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്രകാരം കംപ്ലീഷൻ പ്ലാനിൽ എഴുതിച്ചേർക്കുകയും ചെയ്തു. നേരിട്ടു നടത്തിയ പരിശോധനയിൽ പാർക്കിംഗിനായി കാണിച്ച സ്ഥലം കെട്ടി മറച്ച് സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായും കണ്ടു.

കെട്ടിടത്തിന്റെ പിൻഭാഗത്തുള്ള പഴയ കെട്ടിടത്തിന്റെ അളവു കൂടി കണക്കിലെടുത്താൽ പാർക്കിംഗിനുള്ള സ്ഥലം ഇനിയും വേണ്ടിയിരുന്നു. എന്നാൽ ഇതു കണക്കിലെടുത്തിട്ടില്ല.

പുതിയ കെട്ടിടം നിർമ്മിച്ചതിനു ശേഷം 06.01.2020 ൽ ഫസ്റ്റ് ഗ്രേഡ് ഓവർസിയറും അസിസ്റ്റന്റ് എഞ്ചിനീയറും ചൂണ്ടിക്കാണിച്ച അപാകതകൾ താഴെ പറയുന്നു.

1.കെട്ടിടത്തിൽ നിന്നും റോഡതിർത്തിയിലേക്കുള്ള അകലം പാലിക്കുന്നില്ല.

2. പാർക്കിംഗ് സൗകര്യം ലഭ്യമല്ല. കെട്ടിടത്തിന്റെ പാർക്കിംഗ് സ്ഥലത്തേക്ക് എത്തിച്ചേരാൻ കഴിയുകയില്ല.

തുടർന്ന് 24.02.2020 ൽ കെട്ടിടത്തിൽ നിന്നും റോഡതിർത്തിയിലേക്ക് തള്ളി നിന്ന ഭാഗം പോളിച്ചുമാറ്റിയെന്നും പാർക്കിംഗ് സ്ഥലത്തേക്ക് പ്രവേശനം ലഭ്യമാണെന്നും ഫസ്റ്റ് ഗ്രേഡ് ഓവർസിയറും അസിസ്റ്റന്റ് എഞ്ചിനീയറും റിപ്പോർട്ട് ചെയ്തു. കെട്ടിടത്തിന് ചുറ്റും താഴെ പറയുന്ന തുറന്ന സ്ഥലം ഉണ്ടെന്ന് ഫസ്റ്റ് ഗ്രേഡ് ഓവർസിയറും റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് ടി വാണിജ്യ കെട്ടിടത്തിനു നമ്പരിട്ടു നൽകി.

| ചട്ടം | വേണ്ട അളവ് (M) | സൈറ്റിൽ ലഭ്യമായ അളവ് (M) |
|---|---|---|
| 58 -മുൻ വശം | 3 | 4.2 |
| 58- പിൻ വശം | 2 | 2.7 |
| 59 -സൈഡ് 1 | 1.2 | 1.5 |
| 59 -സൈഡ് 2 | 1 | 0.80 (No Opening) |

കെട്ടിടം നിലവിൽ പഞ്ചായത്തു രാജ് ആക്റ്റ് 220(B) പാലിയ്ക്കുന്നില്ലായെന്ന് നേരിട്ടു നടത്തിയ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. MC റോഡ്- ഏനാത്ത് PWD റോഡിന്റെ നിലവിൽ കാണാവുന്ന അതിരിൽ നിന്നും 1.5-2M മാത്രം മാറിയാണ് കെട്ടിടത്തിന്റെ ഫൗണ്ടേഷൻ വച്ചിട്ടുള്ളത്. ഇപ്രകാരം PWD റോഡിനരികിൽ വാണിജ്യ കെട്ടിടം നിർമ്മിക്കുമ്പോൾ റോഡിന്റെ അതിരു നിർണ്ണയിച്ചുകൊണ്ട് PWD അധികൃതരുടെ നിരാക്ഷേപപത്രം എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർ തേടിയിട്ടില്ല. KPBR-2011 റൂൾ 11-3A പ്രകാരം മറ്റു വകുപ്പുകളിൽ നിന്നും നിരാക്ഷേപപത്രം

ആവശ്യമുള്ളയിടത്ത് ആയത് ലഭ്യമാക്കേണ്ടതാണെന്ന നിർദ്ദേശിച്ചിട്ടുണ്ട്.(G.O(P):81/2017/Lsgd;31.10.2017). നിലവിൽ MC റോഡിലേക്ക് 3 മീറ്ററോളം റോഡ് വെട്ടി മാറ്റി സെല്ലാർ ഫ്ലോറിലേക്ക് റാമ്പ് നിർമ്മിച്ചിട്ടുമുണ്ട്. എന്നാൽ KSTP യുടെ അതിർത്തികല്ലുകൾ ഉണ്ടായിരുന്നുവെന്നും PWD യുടെ നിരാക്ഷേപ പത്രം ബാധകമാകുന്നില്ല എന്നുള്ള മറുപടിയാണ് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിട്ടുള്ളത്.

കെട്ടിടനിർമ്മാണ ചട്ടം പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിനു നമ്പരിട്ടു നൽകിയതിനു ബന്ധപ്പെട്ട സെക്രട്ടറി/ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ: 22/2019-20; 22.09.2021) മറുപടിയായി 24.02.2020 ൽ നമ്പരിട്ടു നൽകിയതിനു ശേഷമാണ് അനധികൃത നിർമ്മാണം നടത്തിയിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. ചട്ടം ലംഘിച്ച് നിർമ്മിച്ച കെട്ടിടത്തിനെ ക്രമവൽക്കരിച്ചതു സംബന്ധിച്ച് വകുപ്പുതലത്തിൽ തുടരന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-15 ഇരുനില വാണിജ്യ കെട്ടിടത്തിനോടു ചേർന്നു ചട്ടങ്ങൾ ലംഘിച്ച് നിർമ്മിച്ച കെട്ടിടം ക്രമവൽക്കരിച്ചു നൽകി

കംപ്ലീഷൻ പ്ലാൻ പ്രകാരം താഴത്തെ നിലയിൽ 3 കടമുറിയും ഇടതുവശത്ത് സ്റ്റെയർ റൂമുമാണ് കെട്ടിടത്തിനായി കാണിച്ചിട്ടുള്ളത്. എന്നാൽ സ്റ്റെയർ റൂമിനു ഇടതുവശത്തായുള്ള രണ്ടു നില വാണിജ്യ കെട്ടിടം കംപ്ലീഷൻ പ്ലാനിൽ കാണിച്ചിട്ടില്ല. ഈ ഗുരുതരമായ അപാകതയ്ക്ക് എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ വിശദീകരണം നൽകിയിട്ടില്ല. KPBR 2011, റൂൾ 3 പ്രകാരം F.A.R., Coverage, പാർക്കിംഗ്,പ്ലോട്ടിലേക്കുള്ള വഴിയുടെ വീതി, പ്ലോട്ടിലേക്ക് പ്രവേശനം നൽകുന്ന തെരുവിന്റെ വീതി എന്നിവ കണക്കാക്കുന്നതിന് നിലവിലുള്ളതും നിർദ്ദിഷ്ടവുമായ കെട്ടിടത്തിന്റെ എല്ലാ ഏരിയയും കണക്കാക്കണം. പ്രസ്തുത കെട്ടിടഭാഗം ഒഴിവാക്കിയാണ് പുതിയ കെട്ടിടത്തിന്റെ അളവുകൾ ചട്ടങ്ങൾക്കായി പരിഗണിച്ചത്. നിലവിലുള്ള കെട്ടിടഭാഗം കൂടി പരിഗണിച്ചാൽ കവറേജ്, പാർക്കിംഗ്, FSI തുടങ്ങിയ നിയമങ്ങളൊന്നും ഈ വാണിജ്യ കെട്ടിടം പാലിക്കുന്നില്ലായെന്നു കാണാം.

| ക്രമ നം | ഉടമസ്ഥന്റെ വിലാസം/കെട്ടിടത്തിന്റെ ഇനം | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ (ച.മീ) | പ്ലോട്ട് ഏരിയ | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ |
|---|---|---|---|---|---|
| 1 | അനുജൻ കുഞ്ഞ്/സിനു, വല്യവിളപുത്തൻവീട്,അറുകാലിക്കൽകിഴക്ക്,നെടുമൺ പി ഒ,691556 | 16/743 | 20.07 (വാണിജ്യം) | 2.53ആർ | 1205 |
| | | 16/744 | 20.07 (വാണിജ്യം) | | 1205 |
| | | 16/745 | 20.07 (വാണിജ്യം) | | 1205 |
| | | 16/746 | 41.03 (വാണിജ്യം) | | 345 |
| | | 16/747 | 41.03 പാർപ്പിടം,ഒന്നാം നില | | 345 |
| | | 16/748 | 92.79 പാർപ്പിടം,ഒന്നാം നില | | 780 |
| | ആകെ | | GF-101.24 FF-133.76 | | |

കെട്ടിടത്തിനാവശ്യമായ പാർക്കിംഗ് സൈറ്റിലില്ല.

കെട്ടിടത്തിനാവശ്യമായ കാർ പാർക്കിംഗ് ഏരിയ ചുവടെ ചേർക്കുന്നു.(പഴയ കെട്ടിടം ഉൾപ്പെടാതെ)

ആകെ ഫ്ലോർ ഏരിയ-171.65 ച.മീ

171.65/75= 3കാർ പാർക്കിംഗ്

എന്നാൽ സൈറ്റ് പരിശോധനയിൽ ഇപ്രകാരം കാർ പാർക്കു ചെയ്യുന്നതിനുള്ള സ്ഥലം ഇല്ല . കംപ്ലീഷൻ പ്രകാരം 3 കാറുകൾക്കുള്ള പാർക്കിംഗ് സ്ഥലം മുൻ വശത്തുള്ള തുറന്ന സ്ഥലത്താണ് കാണിച്ചിട്ടുള്ളത്. ചട്ടപ്രകാരമുള്ള തുറന്ന സ്ഥലത്തിന് (Open Space) വാഹന പ്രവേശനമാർഗ്ഗവും വാഹനത്തിന് വളഞ്ഞു തിരിക്കാനുള്ള സൗകര്യവുമുള്ള പക്ഷം തുറന്ന സ്ഥലത്തിന്റെ പരമാവധി 50%, പാർക്കിംഗ് സ്ഥലമായി കണക്കാക്കാവുന്നതാണ്. ചട്ടം 38(7). എന്നാൽ 100% തുറന്ന സ്ഥലവും പാർക്കിംഗിനായി കണക്കാക്കാൻ കഴിയുകയില്ല.

കെട്ടിടത്തിന് ചുറ്റും താഴെ പറയുന്ന തുറന്ന സ്ഥലം ഉണ്ടെന്ന് ഫസ്റ്റ് ഗ്രേഡ് ഓവർസിയർ റിപ്പോർട്ട് ചെയ്തതിനെത്തുടർന്നാണ് ടി വാണിജ്യ കെട്ടിടത്തിനു നമ്പരിട്ടു നൽകിയിട്ടുള്ളത്.

| ചട്ടം | വേണ്ട അളവ് (M) | സൈറ്റിൽ ലഭ്യമായ അളവ് (M) |
|---|---|---|
| 58 -മുൻ വശം | 3 | 4.7 |
| 58- പിൻ വശം | 2 | 3.93 |
| 59 -സൈഡ് 1 | 1.2 | 1.92 |
| 59 -സൈഡ് 2 | 1 | 1.26 |

<u>നിർമ്മിച്ച കെട്ടിടം പഞ്ചായത്ത് രാജ് ആക്റ്റ് 220(B) പാലിയ്ക്കുന്നില്ല.</u>

കെട്ടിടം നിലവിൽ പഞ്ചായത്തു രാജ് ആക്റ്റ് 220(B) പാലിയ്ക്കുന്നില്ലായെന്ന് നേരിട്ടു നടത്തിയ പരിശോധയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പറക്കോട്- വടക്കടത്തുകാവ് PWD റോഡിന്റെ നിലവിൽ കാണാവുന്ന അതിരിൽ നിന്നും 1.5-2M മാത്രം മാറിയാണ് കെട്ടിടത്തിന്റെ ഫൗണ്ടേഷൻ വച്ചിട്ടുള്ളത്. ഇപ്രകാരം PWD റോഡിനരികിൽ വാണിജ്യ കെട്ടിടം നിർമ്മിക്കുമ്പോൾ റോഡിന്റെ അതിരു നിർണ്ണയിച്ചുകൊണ്ട് PWD അധികൃതരുടെ നിരാക്ഷേപപത്രം എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർ തേടിയിട്ടില്ല. KPBR-2011 റൂൾ 11-3A പ്രകാരം മറ്റു വകുപ്പുകളിൽ നിന്നും നിരാക്ഷേപപത്രം ആവശ്യമുള്ളയിടത്ത് ആയത് ലഭ്യമാക്കേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ട്.(G.O(P):81/2017/Lsgd;31.10.2017) .

കെട്ടിടനിർമ്മാണ ചട്ടം പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിനു നമ്പരിട്ടു നൽകിയതിനു ബന്ധപ്പെട്ട സെക്രട്ടറി / അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ: 23/2019-20; 22.09.2021) മറുപടി ലഭ്യമാക്കിയില്ല.അപാകതകളിന്മേൽ വകുപ്പുതലത്തിൽ തുടരന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## <u>1-16 ഗ്രൗണ്ട് ഫ്ലോറിന്റെ ഭൂരിഭാഗവും പാർക്കിംഗ് സ്ഥലമായി ഉപയോഗിക്കുമെന്ന കരാറിൽ വാണിജ്യ കെട്ടിടത്തെ ക്രമവൽക്കരിച്ചു.</u>

നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ വിശദാംശങ്ങൾ

| ക്രമ നം | ഉടമസ്ഥന്റെ വിലാസം/ കെട്ടിടത്തിന്റെ ഇനം | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ (ച.മീ) | പ്ലോട്ട് ഏരിയ | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ |
|---|---|---|---|---|---|
| 1 | ജിജു ജോർജ് മാത്യു/നിഷി ജിജു(ഇടയിലെപുരയിൽ ജിജുഭവൻ,കടിക) | 09/258 | 13 | 3.23 ആർ | 130 |
| | | 09/259 | 13 | | 196 |
| | | 09/260 | 13 | | 130 |

എക്സ്റ്റൻഷനായി നിർമ്മിച്ച കെട്ടിടത്തിന്റെ അളവ്

| ക്രമ നം | ഉടമസ്ഥന്റെ വിലാസം/ കെട്ടിടത്തിന്റെ ഇനം | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ (ച.മീ) | നിർണയിച്ച നികുതി |
|---|---|---|---|---|
| 1 | ജിജു ജോർജ് മാത്യു/ | 09/732വാണിജ്യം | 34.92 | 2096 |

| | | | | |
|---|---|---|---|---|
| | നിഷി ജിജു(ഇടയിലെപുരയിൽ ജിജുഭവൻ,കടിക) | Ground-Floor | | |
| | | 09/733സെല്ലാർ-വാണിജ്യം | 16.1 | 967 |
| | | 09/734പാർപ്പിടംGround-Floor | 24.94 | 210 |
| | | 09/735പാർപ്പിടം Ground-Floor | 24.94 | 210 |
| | | 09/736സെല്ലാർ-വാണിജ്യം | 47.85 | 2871 |
| | | 09/737പാർപ്പിടം-First Floor | 50.71 | 426 |
| | | 09/738പാർപ്പിടം-First Floor | 50.71 | 426 |
| | | 09/739വാണിജ്യം-Ground Floor | 60.78 | 3647 |
| | | 09/740പാർപ്പിടം-Ground Floor | 50.71 | 426 |
| | | ആകെ | 361.66 | |

ഏഴംകുളം ഏനാത്ത് റോഡിനോടു ചേർന്ന് തട്ടാരുപടി ജംഗ്ഷനിലാണ് ഈ വാണിജ്യ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ സെല്ലാർ ഏരിയയിൽ രണ്ടു കാറിനും താഴത്തെ നിലയിലെ 16M2 ഏരിയയിലുമാണ് കംപ്ലീഷൻ പ്ലാൻ പ്രകാരം കാർ പാർക്കിംഗ് കാണിച്ചിട്ടുള്ളത്. എന്നാൽ ഈ രണ്ടു ഭാഗവും വാണിജ്യം എന്ന നിലയിൽ നമ്പരിട്ടു നൽകിയിട്ടുമുണ്ട്. നേരിട്ടു നടത്തിയ പരിശോധനയിൽ ഈ ഭാഗം പാർക്കിംഗിനുപയോഗിക്കുന്നില്ലായെന്നും കണ്ടു(സെല്ലാർ ഭാഗം കെട്ടി അടച്ച് സ്റ്റോറേജായി ഉപയോഗിക്കുന്നുണ്ട്).

കെട്ടിടത്തിനാവശ്യമായ കാർ പാർക്കിംഗ് ഏരിയ ചുവടെ ചേർക്കുന്നു.

60M2 ൽ താഴെയുള്ള ആകെ റസിഡൻഷ്യൽ യൂണിറ്റുകൾ-5 എണ്ണം

വേണ്ട പാർക്കിംഗ് -ഓരോ 3 യൂണിറ്റുകൾക്കും -1

അതായത് രണ്ട് കാർ പാർക്കിംഗ് റസിഡൻഷ്യൽ ഏരിയയ്ക്കു വേണം.

വാണിജ്യ ഏരിയ -198.65

വേണ്ട പാർക്കിംഗ് 198.65/75= 3 കാർ പാർക്കിംഗ്

എന്നാൽ സൈറ്റ് പരിശോധനയിൽ ഇപ്രകാരം 5 കാർ പാർക്കു ചെയ്യുന്നതിനുള്ള സ്ഥലം ലഭ്യമല്ല എന്നു കണ്ടു.

പാർക്കിംഗ്,ശുചീകരണ സംവിധാനങ്ങൾ, താഴെ പറയുന്ന തരത്തിലുള്ള തുറന്ന സ്ഥലം എന്നിവ കെട്ടിട നിർമ്മാണം പാലിക്കുന്നുവെന്ന് ഫസ്റ്റ് ഗ്രേഡ് ഓവർസിയർ 02.05.2019 ൽ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് കെട്ടിടത്തിനു ഒക്യുപ്പൻസി നൽകാമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്തു.

| ചട്ടം | വേണ്ട അളവ് (M) | സൈറ്റിൽ ലഭ്യമായ അളവ് (M) |
|---|---|---|
| മുൻ വശം | 3 | 3 |
| പിൻ വശം | 2 | 3 |
| സൈഡ് 1 | 1.2 | 1.2 |
| സൈഡ് 2 | 1 | 1.03 |

തുടർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉദ്യോഗസ്ഥൻ സ്ഥല പരിശോധന നടത്തുകയും 20.05.2019 ൽ കെട്ടിടത്തിനു നമ്പരിട്ടു നൽകി ക്രമവൽക്കരിക്കുകയും ചെയ്തു. പാർക്കിംഗ് സ്ഥലമായി കരാറിൽ ഏർപ്പെട്ട കെട്ടിടഭാഗത്തിനു കൂടി വാണിജ്യം എന്ന വിഭാഗത്തിൽ ക്രമവൽക്കരിച്ചതു തന്നെ നിയമവിരുദ്ധമാണ്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ഇപ്രകാരം കരാറിൽ ഏർപ്പെട്ടുകൊണ്ട് കെട്ടിടത്തിനു നമ്പരിടാൻ വ്യവസ്ഥയില്ല. ഇപ്രകാരം ഗുരുതര ചട്ടലംഘനം അധികൃതർ നടത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു.

PWD അധികൃതരുടെ സമ്മത പത്രം എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർ തേടിയിട്ടില്ല.

തട്ടാരുപടി-കൈതപ്പറമ്പ് റോഡിന്റെ നിലവിൽ കാണാവുന്ന അതിരിൽ നിന്നും 2M മാത്രം മാറിയാണ് കെട്ടിടത്തിന്റെ ഫൗണ്ടേഷൻ വച്ചിട്ടുള്ളത്. ഇപ്രകാരം PWD റോഡിനരികിൽ വാണിജ്യ കെട്ടിടം നിർമ്മിക്കുമ്പോൾ റോഡിന്റെ അതിരു നിർണ്ണയിച്ചുകൊണ്ട് PWD അധികൃതരുടെ സമ്മത പത്രം എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർ തേടിയിട്ടില്ല.KPBR-2011 റൂൾ 11-3A പ്രകാരം മറ്റു വകുപ്പുകളിൽ നിന്നും നിരാക്ഷേപപത്രം ആവശ്യമുള്ളയിടത്ത് ആയത് ലഭ്യമാക്കേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ട്(G.O(P):81/2017/Lsgd;31.10.2017). കെട്ടിടത്തിന്റെ മറ്റൊരു ഭാഗത്തുള്ള തട്ടാരുപടി-കൈതപ്പറമ്പ് റോഡ് ഗ്രാമപഞ്ചായത്ത് റോഡായതിനാൽ വില്ലേജ് സ്കെച്ചുകൾ പെർമിറ്റ് സമയത്ത് പരിശോധിച്ചിരുന്നു എന്നു അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി.എന്നാൽ കംപ്ലീഷൻ സമയത്ത് 3M സെറ്റ്ബാക്ക് നൽകിയിട്ടുണ്ടോയെന്നു പരിശോധിക്കപ്പെട്ടില്ല. ആയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് സത്യവാങ്മൂലം നൽകേണ്ടതാണ്.

കെട്ടിടനിർമ്മാണ ചട്ടം പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിനു നമ്പരിട്ടു നൽകിയതിനു ബന്ധപ്പെട്ട സെക്രട്ടറി/ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ: 24/2019-20;22.09.2021) കംപ്ലീഷൻ സമയത്ത് രണ്ടു കാർ പാർക്കിംഗ് സെല്ലാർ ഭാഗത്തും രണ്ടു കാർ പാർക്കിംഗ് ഗ്രൗണ്ട് ഫ്ലോറിലും ഒരു കാർ പാർക്കിംഗ് ഓപ്പൺ ഏരിയയിലും ഉണ്ടായിരുന്നു എന്ന മറുപടിയാണ് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയത്. പിന്നെ എപ്രകാരമാണ് ഷട്ടറിട്ട ഗ്രൗണ്ട് ഫ്ലോറും സെല്ലാറും വാണിജ്യ കെട്ടിടമായി നമ്പരിട്ടു നൽകിയതെന്നു വിശദീകരിക്കേണ്ടതാണ്.

ചട്ടം ലംഘിച്ചു നിർമ്മിച്ച കെട്ടിടത്തിനെ ക്രമവൽക്കരിച്ചതു സംബന്ധിച്ച് വകുപ്പുതലത്തിൽ തുടരന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-17 വാണിജ്യ കെട്ടിടം നിയമപരമല്ലാതെ ക്രമവൽക്കരിച്ചു നൽകി.

| ക്രമ നം | ഉടമസ്ഥന്റെ വിലാസം/ കെട്ടിടത്തിന്റെ ഇനം | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ (ച.മീ) | പ്ലോട്ട് ഏരിയ | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ |
|---|---|---|---|---|---|
| 1 | ജൂലിഷാജി/ശാമുവൽ,റെജി ജോയി,നവാസ് ,രാജൻ ജോർജ്ജ്,സജിത.എസ് (കിണറുവിള തെക്കേതിൽ വീട്,ഏനാത്ത് ) | 12/1083 | 07.76 | 1.15 ആർ | 654 |
| | | 12/1084 | 23.92 | | 2010 |
| | | 12/1085 | 08.26 | | 694 |
| | | 12/1086 | 10.26 | | 862 |
| | | 12/1087 | 23.92 ഒന്നാം നില | | 1910 |
| | | 12/1097 | 15.12 | | 1271 |
| | | 12/1098 | 16.12 ഒന്നാം നില | | 1288 |
| | | 12/1099 | 09.45 ഒന്നാം നില | | 752 |
| | | 12/1100 | 09.45 ഒന്നാം നില | | 752 |
| | | 12/1101 | 11.03 ഒന്നാം നില | | 881 |
| 1 | ആകെ | | GF-65.32 F.F-69.97 | | |

5 വ്യക്തികളുടെ സ്ഥലം കൂട്ടിച്ചേർത്തുള്ള ചെറു പ്ലോട്ടിൽ(മൂന്ന് സെന്റ്) വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനു കൂട്ടായി അപേക്ഷ നൽകുകയും 23.12.2019 ൽ 106.63 M2 പ്ലിന്ത് ഏരിയ ഉള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പെർമിറ്റ് നൽകുകയും ചെയ്തു (E1-BA(15100/2019). പെർമിറ്റ് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. കംപ്ലീഷൻ പ്ലാനോടൊപ്പം ഹാജരാക്കിയ റവന്യൂ രേഖകൾ പ്രകാരം 5 വ്യത്യസ്ത വ്യക്തികളുടെ പേരിലുള്ള ചെറു പ്ലോട്ടുകൾ സംയോജിപ്പിച്ച് കെട്ടിടത്തിനുള്ള പ്ലാൻ തയ്യാറാക്കുകയും കെട്ടിടം നിർമ്മിച്ച് ക്രമവൽക്കരിക്കുകയും ചെയ്തതായി കാണാം.

| ക്രമ നം | പേര് വിലാസം | സർവ്വെ നമ്പർ | ഏരിയ |
|---|---|---|---|
| 1 | രാജൻ ജോർജ്, കിണറുവിള തെക്കേതിൽ, ഏനാത്ത് | 471/5 | 0.40 ആർ |
| 2 | ജൂലി ഷാജി, ഷാരോൺ ഭവൻ, പുലമൺ | 471/5-3 | 0.10 ആർ |
| 3 | സജിത എസ്, യദുകുലം, ഏനാത്ത് | 471/5-2<br>471/19 | 0.20 ആർ<br>0.15 ആർ |
| 4 | റജി ജോയി, കലപ്പാൽവിൽ, ഏനാത്ത് | 471/5-4 | 0.20 ആർ |
| 5 | നവാസ്, നൗഷാദ് മൻസിൽ, മണ്ണടി | 471/5-1 | 0.10 ആർ |
| | ആകെ | | 1.15 ആർ |

ഇപ്രകാരം വ്യത്യസ്ത വ്യക്തികളുടെ ചെറിയ പ്ലോട്ടുകൾ കൂട്ടിച്ചേർത്തുള്ള കെട്ടിട നിർമ്മാണ അപേക്ഷ പരിഗണിച്ചത് നിയമവിരുദ്ധമാണ്. കെട്ടിട ഉടമകൾ പല സമയത്തായി അവരവരുടെ ഏരിയയിലുള്ള കെട്ടിടം നിർമ്മിക്കുകയും ആ ഭാഗത്തിനു കെട്ടിട നമ്പർ കരസ്ഥമാക്കിയതായും 28.12.2019 ൽ ഓവർസിയറും അസിസ്റ്റന്റ് എഞ്ചിനീയറും രേഖപ്പെടുത്തിയിട്ടുണ്ട്. രാജൻ ജോർജ് എന്ന വ്യക്തിയുടെ കെട്ടിടം അവസാനം നമ്പരിട്ടു നൽകിKPBR 2019 റൂൾ 50,KPBR 2011റൂൾ 62 അനുസരിച്ച് ഇപ്രകാരം പ്ലോട്ടുകൾ വിഭജിച്ചെടുത്ത് ചെറിയ പ്ലോട്ടുകൾക്കുള്ള ആനുകൂല്യങ്ങൾക്കായി (കവറേജ്,പാർക്കിംഗ്,FAR എന്നിവയിലുള്ള ഇളവ്) അനുവദിക്കാൻ പാടില്ല എന്നു നിഷ്കർശിച്ചിട്ടുണ്ട്.

കെട്ടിട നിർമ്മിച്ചതിനു ശേഷം ഫസ്റ്റ് ഗ്രേഡ് ഓവർസിയർ 31.01.2020ൽ നൽകിയ റിപ്പോർട്ട് പ്രകാരം താഴെ പറയുന്ന തുറന്ന സ്ഥലം കെട്ടിടത്തിനുണ്ട്. തുടർന്ന് കെട്ടിടത്തിനു ഒക്കുപ്പൻസി നൽകാവുന്നതാണെന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശയെത്തുടർന്ന് കെട്ടിടത്തിനു നമ്പരിട്ടു നൽകി.കെട്ടിടത്തിനു താഴെ പറയുന്ന തുറന്ന സ്ഥലം ലഭ്യമാണോ എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഓഡിറ്റിനു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| ചട്ടം KPBR-2011 | വേണ്ട അളവ് (M) | സൈറ്റിൽ ലഭ്യമായ അളവ് (M) |
|---|---|---|
| 64(1) -മുൻ വശം | 3 | 3 |
| 64(4)- പിൻ വശം | 1 | 1 |
| 64(3) -സൈഡ് 1 | 0.9 | 0.9 |
| 64(4) -സൈഡ് 2 | 0.6 | സമ്മതപത്രം |

3 M റോഡിൽ നിന്നുള്ള സെറ്റ് ബാക്ക് ഉറപ്പാക്കാനായിട്ടില്ല.

PWD റോഡിനരികിൽ വാണിജ്യ കെട്ടിടം നിർമ്മിക്കുമ്പോൾ റോഡിന്റെ അതിരു നിർണ്ണയിച്ചുകൊണ്ട് PWD അധികൃതരുടെ സമ്മത പത്രം എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർ തേടിയിട്ടില്ല. അതിനാൽ തന്നെ കെട്ടിടം ഏനാത്ത് ജംഗ്ഷനിലുള്ള PWD റോഡിൽ നിന്നും 3M വിട്ടിട്ടാണോ നിർമ്മിച്ചതെന്ന ഉറപ്പാക്കാനായിട്ടില്ല.KPBR-2011 റൂൾ 11-3A പ്രകാരം മറ്റു വകുപ്പുകളിൽ നിന്നും നിരാക്ഷേപപത്രം ആവശ്യമുള്ളയിടത്ത് ആയത് ലഭ്യമാക്കേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ട്.(G.O(P):81/2017/Lsgd;31.10.2017). 3 M സെറ്റ് ബാക്ക് മേൽ കെട്ടിടത്തിനു ലഭ്യമാണോ എന്നു ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഓഡിറ്റിനു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

കെട്ടിടനിർമ്മാണ ചട്ടം പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിനു നമ്പരിട്ടു നൽകിയതിനു ബന്ധപ്പെട്ട സെക്രട്ടറി/ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ: 25/2019-20;22.09.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടം ലംഘിച്ചു നിർമ്മിച്ച കെട്ടിടത്തിനെ

ക്രമവൽക്കരിച്ചതു സംബന്ധിച്ച് വകുപ്പുതലത്തിൽ തുടരന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-18 പാർപ്പിടാവശ്യത്തിനു നിർമ്മിച്ച കെട്ടിടം വാണിജ്യകെട്ടിടമായി ക്രമവൽക്കരിച്ചു നൽകി.

കൊട്ടാരക്കര അടൂർ MC റോഡിൽ നിന്നും ഏനാത്ത് ജംഗ്ഷനിലേക്കുള്ള PWD റോഡിലാണ് (പഴയ MC റോഡ്) പ്രസ്തുത കെട്ടിടം. ശ്രീ സോണി എന്ന വ്യക്തിയുടെ കെട്ടിടത്തിനു 126.26 M2 ഏരിയയുടെ എക്സ്റ്റൻഷനു 30.08.2019 ൽ പെർമിറ്റ് നൽകിയിരുന്നു. (E1-BA(337902)/2019). ഉടമസ്ഥന്റെ തന്നെ വാണിജ്യ കെട്ടിടത്തിനോട് ചേർത്ത് നിർമ്മിക്കുന്നതിനായിരുന്നു പെർമിറ്റ് നൽകിയത്. ഡിമാന്റ് രജിസ്റ്റർ പ്രകാരം 162 M2 വാണിജ്യ കെട്ടിടം ഉടമസ്ഥന്റെ പേരിൽ നമ്പരിട്ട് പഞ്ചായത്തിൽ നിന്നും നൽകിയിരുന്നു. (14/782-15M2, 14/783-15M2, 14/784-42M2, 14/785-42 M2, 14/219-24M2, 14/220-24M2 ). എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടം 184.44 M2 പ്ലിന്ത് ഏരിയ ഉള്ളതായി കാണിച്ചിട്ടുണ്ട്.

അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം പുതുതായി നിർമ്മിച്ച കെട്ടിടവും വാണിജ്യം എന്ന വിഭാഗത്തിലാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ എക്സ്റ്റൻഷനായി സമർപ്പിച്ച പ്ലാനിൽ സെല്ലാർ ഫ്ലോറും (66.38 M2) ഗ്രൗണ്ട് ഫ്ലോറും (66.38 M2) പാർപ്പിടാവശ്യത്തിനായിട്ടാണ് കാണിച്ചിട്ടുള്ളത്. ഇത് അംഗീകരിക്കാനാവില്ല. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവുകൾ ലഭിക്കുന്നതിനാണ് പാർപ്പിടം എന്ന വിഭാഗത്തിൽ കെട്ടിടം പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നിർമ്മിച്ച ശേഷം കെട്ടിടത്തിന് വാണിജ്യം എന്ന വിഭാഗത്തിൽ ക്രമവൽക്കരിച്ചതിനു സെക്രട്ടറി വിശദീകരണം നൽകേണ്ടതാണ്.

| ക്രമ നം | ഉടമസ്ഥന്റെ വിലാസം/ കെട്ടിടത്തിന്റെ ഇനം | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ (ച.മീ) | പ്ലോട്ട് ഏരിയ | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന- ഇളവ് ഉൾപ്പടെ |
|---|---|---|---|---|---|
| 1 | സോണി.കെ.സാമുവൽ, ഈട്ടിവിളയിൽ, കടിക | 14/1177 | 126.26 | 2.25ആർ | 10076 |

കെട്ടിടത്തിനാവശ്യമായ പാർക്കിംഗ് സൈറ്റിലില്ല.

കെട്ടിടത്തിനാവശ്യമായ കാർ പാർക്കിംഗ് ഏരിയ ചുവടെ ചേർക്കുന്നു.

ആകെ ഫ്ലോർ ഏരിയ-232.22 ച.മീ

232.22/75=4 കാർ പാർക്കിംഗ്

എന്നാൽ സൈറ്റ് പരിശോധനയിൽ ഇപ്രകാരം കാർ പാർക്കു ചെയ്യുന്നതിനുള്ള സ്ഥലം ലഭ്യമല്ല എന്നു കണ്ടു.

കെട്ടിട നിർമ്മിച്ചതിനു ശേഷം അധികൃതർ ചൂണ്ടിക്കാണിച്ച അപാകതകൾ താഴെ പറയുന്നു.

1. കെട്ടിടത്തിനു മുൻവശത്തുള്ള തുറന്ന സ്ഥലത്ത് വരാന്ത അനധികൃതമായി നിർമ്മിച്ചിരിക്കുന്നു.

2. കെട്ടിടത്തിന്റെ തെക്കു ഭാഗത്ത് സ്ഥലം ഒട്ടും വിട്ടിട്ടില്ല . ഈ ഭാഗം നിലമാണ്
3. കെട്ടിടത്തിന്റെ കിഴക്കു ഭാഗത്തെ റൂഫ് സമീപ കെട്ടിടവുമായി ചേർത്ത് നിർമ്മിച്ചിരിക്കുന്നു.

4. പുറത്തെ സ്റ്റെയർ കേസിന് 80 C.M മാത്രമേ വീതിയുള്ളൂ.

മേൽ അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്ന് 29.08.2019 ഉടമസ്ഥൻ സെക്രട്ടറിയ്ക്ക് കത്തു നൽകിയിരുന്നു.

ഈ അപാകതകൾ നിലനിൽക്കെ കെട്ടിടത്തിന് നിയമാനുസൃതം വേണ്ട തുറന്ന സ്ഥലം, പാർക്കിംഗ് എന്നിവ ഉണ്ടെന്നും KPBR പാലിക്കുന്നുണ്ടെന്നും ഫസ്റ്റ് ഗ്രേഡ് ഓവർസിയർ നൽകിയ റിപ്പോർട്ടിനെത്തുടർന്ന് കെട്ടിടത്തിനു നമ്പരിട്ടു നൽകി. ഫസ്റ്റ് ഗ്രേഡ് ഓവർസിയർ നൽകിയ റിപ്പോർട്ട് പ്രകാരം താഴെ പറയുന്ന തുറന്ന സ്ഥലം കെട്ടിടത്തിനുണ്ട്. തുറന്ന സ്ഥലം സംബന്ധിച്ച റിപ്പോർട്ടിന്മേൽ തുടർ പരിശോധനകൾ സെക്രട്ടറി തലത്തിൽ നടത്തേണ്ടതാണ്.

| ചട്ടം | വേണ്ട അളവ് (M) | സൈറ്റിൽ ലഭ്യമായ അളവ് (M) |
|---|---|---|
| 58 -മുൻ വശം | 3 | 3 |
| 58- പിൻ വശം | 2 | 3.2 |
| 59 -സൈഡ് 1 | 1.2 | 1.8 |
| 59 -സൈഡ് 2 | 1 | 1 |

നിർമ്മിച്ച കെട്ടിടം പഞ്ചായത്ത് രാജ് ആക്റ്റ് 220(B) പാലിയ്ക്കുന്നില്ല.

കെട്ടിടം നിലവിൽ പഞ്ചായത്തു രാജ് ആക്റ്റ് 220(B) പാലിയ്ക്കുന്നില്ലായെന്ന് നേരിട്ടു നടത്തിയ പരിശോധയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. MC റോഡ്- ഏനാത്ത് PWD റോഡിന്റെ നിലവിൽ കാണാവുന്ന അതിരിൽ നിന്നും 1.5-2M മാത്രം മാറിയാണ് കെട്ടിടത്തിന്റെ ഫൗണ്ടേഷൻ വച്ചിട്ടുള്ളത്. ഇപ്രകാരം PWD റോഡിനരികിൽ വാണിജ്യ കെട്ടിടം നിർമ്മിക്കുമ്പോൾ റോഡിന്റെ അതിരു നിർണ്ണയിച്ചുകൊണ്ട് PWD അധികൃതരുടെ സമ്മത പത്രം എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർ തേടിയിട്ടില്ല. KPBR-2011 റൂൾ 11-3A പ്രകാരം മറ്റു വകുപ്പുകളിൽ നിന്നും നിരാക്ഷേപപത്രം ആവശ്യമുള്ളയിടത്ത് ആയത് ലഭ്യമാക്കേണ്ടതാണെന്ന നിർദ്ദേശിച്ചിട്ടുണ്ട്.(G.O(P):81/2017/ Lsgd;31.10.2017)

24.07.2019 ൽ ജില്ലാകളക്ടറുടെ പ്രതിനിധി, ജില്ലാ ടൗൺ പ്ലാനർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുടെ ആഭിമുഖ്യത്തിൽ നടന്ന അദാലത്തിൽ ന്യൂനതകൾ പരിഹരിക്കുന്ന മുറയ്ക്ക് കെട്ടിടത്തിനു നമ്പരിട്ടു നൽകാൻ ശുപാർശ ചെയ്തിരുന്നു. ന്യൂനതകളില്ലായെന്നുള്ള ഫസ്റ്റ് ഗ്രേഡ് ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിനു നമ്പരിട്ടു നൽകാൻ 07.09.2019 ൽ അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ നൽകി..

കെട്ടിടനിർമ്മാണ ചട്ടം പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിനു നമ്പരിട്ടു നൽകിയതിനു ബന്ധപ്പെട്ട സെക്രട്ടറി/ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ((നമ്പർ: 26/2019-20;22.09.2021)) മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടം ലംഘിച്ചു നിർമ്മിച്ച കെട്ടിടത്തിനെ ക്രമവൽക്കരിച്ചതു സംബന്ധിച്ച് വകുപ്പുതലത്തിൽ തുടരന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-19 കെട്ടിടനിർമ്മാണ പെർമിറ്റിനോടൊപ്പം വികസനപെർമിറ്റും നൽകുന്നത്- തുടർ നിരീക്ഷണമില്ല.

2019-20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും വികസന പെർമിറ്റിനൊപ്പം കെട്ടിട നിർമ്മാണ പെർമിറ്റുകളും താഴെ പറയുന്ന വ്യക്തികൾക്കു നൽകിയിരുന്നു. അപേക്ഷകർ വികസന പെർമിറ്റ് തീയതിയ്ക്കു ശേഷം ഒരു വർഷത്തിനകം കെട്ടിട നിർമ്മാണം ആരംഭിക്കാത്ത പക്ഷം ജില്ലാ ജിയോളജിസ്റ്റിനു തുടർ നിയമ നടപടികൾ സ്വീകരിക്കാൻ അധികാരമുണ്ട്. ആയതു പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവാദിത്വവുമാണ്. ആയതിനാൽ താഴെ പറയുന്ന അപേക്ഷകർ വികസന പെർമിറ്റ് നേടി മണ്ണു മാറ്റിയ ശേഷം ഒരു വർഷത്തിനകം കെട്ടിട നിർമ്മാണം നടത്താതിരിക്കുന്നുണ്ടോയെന്നു പരിശോധന നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | പെർമിറ്റ് രജിസ്റ്റർ കറണ്ട് നമ്പർ | പേര്, വിലാസം | പെർമിറ്റ് | അളവ് |
|---|---|---|---|---|
| 1 | 3942/14.05.2019 | സരസമ്മ | റസിഡൻഷ്യൽ | 96.87 M2 |
| 2 | 3943/14.05.2019 | സരസമ്മ | വികസന പെർമിറ്റ് | 904.5M3 |
| 3 | 5055/11.07.2019 | ഗോപിനാഥൻ നായർ | വികസന പെർമിറ്റ് | 763.6M3 |
| 4 | 5056/11.07.2019 | ഗോപിനാഥൻ നായർ | റസിഡൻഷ്യൽ | 117.38 M2 |
| 5 | 5187/17.07.2019 | ജോർജ് വർഗിസ് | വികസന പെർമിറ്റ് | 891.66M3 |
| 6 | 5188/17.07.2019 | ജോർജ് വർഗിസ് | റസിഡൻഷ്യൽ | 177.46 M2 |
| 7 | 5714/06.08.2019 | സചീദേവി | വികസന പെർമിറ്റ് | 424 M3 |
| 8 | 5715/06.08.2019 | സചീദേവി | റസിഡൻഷ്യൽ | 176.87 M2 |
| 9 | 5741/08.08.2019 | ജോബിൻ സി ജോൺ | വികസന പെർമിറ്റ് | 782M3 |
| 10 | 5742/08.08.2019 | ജോബിൻ സി ജോണ് | റസിഡൻഷ്യൽ | 209 M2 |

| | | | | |
|---|---|---|---|---|
| 11 | 9949/23.12.2019 | കൊച്ചുണ്ണി | റസിഡൻഷ്യൽ | 120.36 M2 |
| 12 | 9950/23.12.2019 | കൊച്ചുണ്ണി | വികസന പെർമിറ്റ് | 832.17M3 |
| 13 | 8835/02.12.2019 | ശിവൻകുട്ടി | വികസന പെർമിറ്റ് | 498 M3 |
| 14 | 7976/19;29.11.2019 | ശിവൻകുട്ടി | റസിഡൻഷ്യൽ | രേഖപ്പെടുത്തിയിട്ടില്ല |
| 15 | 6430/18.09.2019 | വിനോദ് & സരിത | വികസന പെർമിറ്റ് | 811.46 M3 |
| 16 | 6430/05.09.2019 | വിനോദ് & സരിത | റസിഡൻഷ്യൽ | 273.74 M2 |

താഴെ പറയുന്ന വ്യക്തികൾക്ക് മണ്ണ് മാറ്റുന്നതിനു മാത്രമായി വികസന പെർമിറ്റ് നൽകിയിട്ടുണ്ട്.

| ക്രമ നം | പെർമിറ്റ് രജിസ്റ്റർ കറണ്ട് നമ്പർ | പേര്, വിലാസം | പെർമിറ്റ് | അളവ് |
|---|---|---|---|---|
| 1 | 5054/11.07.2019 | എബ്രഹാം തോമസ് | വികസന പെർമിറ്റ് | 882M3 |
| 2 | 5671/05.08.2019 | പ്രസിഡന്റ് , ഷാരോൺ ഫെയ്ത്ത് ഹോം | വികസന പെർമിറ്റ് | 856.76 M3 |

ഇതിനോടൊപ്പം കെട്ടിട നിർമ്മാണത്തിനാണ് എന്നു പ്ലാനിൽ കാണിച്ചിട്ടുണ്ടെങ്കിലും കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷയോ പ്ലാനുകളോ നാളിതു വരെ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല എന്നു കാണുന്നു. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ ഭരണസമിതിയോടു ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-20 ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് - അപാകതകൾ

ഏനാത്ത് ടൗണിൽ സ്ഥിതി ചെയ്യുന്ന ഹൈമാസ്റ്റ് ലൈറ്റിന്റെ മെയിന്റനൻസിനായി 2019-20 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 94,400 രൂപ (പ്രോ.നം. 212/20, തനത് ഫണ്ട്, ബിൽ നം. 154/26.11.19) ചെലവഴിച്ചിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹണം നടത്തുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഇത് പ്രകാരം, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIE) എന്ന സ്ഥാപനത്തിന്റെ ഓഫറുകൾ സ്വീകരിച്ച് ടി ഏജൻസി മുഖേന പദ്ധതി നിർവ്വഹിക്കുകയാണ് ചെയ്തിട്ടുള്ളത്. ടി സ്ഥാപനത്തെ പ്രസ്തുത പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടുള്ളതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.29/20-21/22.09.21) മറുപടി ലഭ്യമാക്കിയില്ല. മാത്രമല്ല, എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന സാങ്കേതിക വിഭാഗത്തിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലല്ല പ്രതിഫലം നൽകിയിട്ടുള്ളത്. അപാകതകൾക്ക് മറുപടി ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-21 ബാലസഭാ പ്രോഗ്രാം - തുക തിരികെ ലഭിച്ചില്ല

ബാലസഭയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കിലയുടെ നേതൃത്വത്തിൽ നടന്ന പെൻസിൽ പ്രോഗ്രാമിന് തനത് ഫണ്ടിൽ നിന്ന് 6570 രൂപ (വൗച്ചർ നം. 21900477/07.09.19) ചെലവഴിച്ചിട്ടുണ്ട്. ചെലവ് തുകയുടെ രേഖകൾ കിലയ്ക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ചെലവഴിച്ച തുക തിരികെ ലഭിക്കുമെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ടയുടെ 14.05.19-ലെ ജി-2/2516/19 നമ്പർ കത്തിൽ വ്യക്തമാക്കിയിരുന്നു. ഇത് പ്രകാരം ചെലവഴിച്ച തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം29/20-21/22.09.21.) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവ് തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-22 അർഹരായ ഗുണഭോക്താക്കളുടെ അഭാവം -ചെലവ് ശതമാനം കുറയുന്നു

ഗ്രാമപ്പഞ്ചായത്ത് 2019-20 സാമ്പത്തികവർഷം കാർഷികമേഖലയിൽ കദളീവനം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ വകയിരുത്തിയ 738240 രൂപ പൂർണ്ണമായി തൻവർഷം ചെലവഴിച്ചിട്ടില്ല. വിശദവിവരം

ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/പേര് | വകയിരുത്തിയ വികസനഫണ്ട് | ചെലവഴിച്ച തുക | ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ചെലവിന്റെ ശതമാനം |
|---|---|---|---|---|
| 20/2019-20 കദളീവനം - | 738240 | 431365 | 549 | 58 |

വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കാതിരുന്നതിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 11/19-20 Dtd 13.09.21) മറുപടിയായി, ഗുണഭോക്താക്കളുടെ അഭാവമാണ് പദ്ധതിച്ചെലവ് കുറയാനിടയാക്കിയത് എന്നും മുൻവർഷം സമാനസ്വഭാവമുള്ള പദ്ധതിയിൽ 92% ചെലവ് ഉണ്ടായിരുന്നതിനാൽ തൻവർഷം ഗുണഭോക്താക്കൾ കുറയുന്നതിന് കാരണമായി എന്നും നിർവഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റ്പരിശോധിച്ചതിൽ ടി പ്രോജക്ടിന് ഏകദേശം 1500 ഓളം ഗുണഭോക്താക്കൾ ഉണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം അടവാക്കി ആനുകൂല്യം കൈപ്പറ്റുന്നതിന് ഗുണഭോക്താക്കൾ, തയ്യാറാകാതിരുന്നതുമൂലമാണ് ചെലവ് കുറയാനിടയായത്. ഇതുമൂലം പ്രോജക്ടിന് ചെലവഴിക്കാതെ അവശേഷിച്ച തുക ലാപ്സായി. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുമ്പോൾ അർഹതാ മാനദണ്ഡങ്ങൾ വ്യക്തമായി നിർവ്വചിക്കേണ്ടതും അർഹരായവരെ മാത്രം ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 വനിതാ ഘടക പദ്ധതി ലക്ഷ്യം കണ്ടില്ല

വനിതകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. വനിതാ ഘടക പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രോജക്ടുകൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല പല പ്രോജക്ടുകളും ഏറ്റെടുത്തിട്ടുള്ളതും നടപ്പിലാക്കിയതും. 2019-20 വർഷം തുക വകയിരുത്തിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് |
|---|---|
| 1. | കദളീ വനം |
| 2. | ജൈവ പച്ചക്കറി വികസനം |
| 3. | പോത്തുകുട്ടി വിതരണം |
| 4. | ജെന്റർ റിസോഴ്സ് സെന്റർ |
| 5. | പേപ്പർ ക്യാരി ബാഗ് , പേപ്പർ കപ്പ്, ഫയൽ എന്നിവയുടെ നിർമ്മാണം |

മേൽപ്പറഞ്ഞ പ്രോജക്ടുകളിൽ വനിതാ ഘടക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ അനുസരിച്ച് തയ്യാറാക്കാവുന്നത് ക്രമ നമ്പർ 4,5 എന്നിവയിലെ പ്രോജക്ടുകളാണ്. എന്നാൽ ടി പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുമില്ല. മറ്റുള്ളവ വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ വരുമാനം വർദ്ധിപ്പിക്കാൻ ഉതകുന്നവയാണ്. ഇത്തരത്തിൽ വനിതകൾക്കും പുരുഷന്മാർക്കും ഒരു പോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തരുതെന്ന് മാർഗ്ഗരേഖ ഖണ്ഡിക 6.3(10)iii ൽ നിഷ്കർഷിച്ചിട്ടുണ്ട്.

സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ വനിതാ ഘടകപദ്ധതി തയ്യാറാക്കിയതിനാലും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് തയ്യാറാക്കിയ പ്രോജക്ടുകൾ നടപ്പിലാക്കാതിരുന്നതിനാലും പഞ്ചായത്തിന് ഈ മേഖലയിൽ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6.3 ൽ വനിതാ ഘടകപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ടുമാത്രം വരും വർഷങ്ങളിൽ പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സ്ത്രീകളുടേയും കുട്ടികളുടേയും വികസനത്തിനായുള്ള വർക്കിംഗ് ഗ്രൂപ്പിന്റെയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-24 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നില്ല

കൈമാറികിട്ടിയതുൾപ്പടെയുള്ള ആസ്തികൾ പരിപാലിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലും, നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കണമെന്നും ആസ്തി സംരക്ഷണ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിന് മുമ്പ് ഘടക സ്ഥാപനങ്ങളിലെ മേധാവികളുടെ യോഗം വിളിച്ച് ചേർത്ത്, പ്രസ്തുത

യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തുവാനെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം മേൽപറഞ്ഞ പ്രകാരം യോഗം വിളിച്ച് ചേർക്കുകയോ, ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുയോ ചെയ്തിട്ടില്ല. കൈമാറികിട്ടിയ ആസ്തികളുടെ സംരക്ഷണത്തിന് സർക്കാർ അനുവദിക്കുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാതെ ഫണ്ട് ലാപ്സാക്കുന്ന സ്ഥിതിയും ഉണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തെ മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗ വിവരങ്ങൾ പരിശോധിച്ചാൽ ഇത് വ്യക്തമാകുന്നതാണ്.

| വർഷം | ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| 2020-21 | റോഡ് | 20461571 | 15969012 | 78.04 |
| | റോഡിതരം | 6689600 | 5210339 | 77.89 |
| 2019-20 | റോഡ് | 18620312 | 8959016 | 48.11 |
| | റോഡിതരം | 5721197 | 3539800 | 61.87 |
| 2018-19 | റോഡ് | 22496290 | 13285000 | 59.05 |
| | റോഡിതരം | 5296961 | 3846417 | 72.62 |
| 2017-18 | റോഡ് | 16916450 | 7101002 | 41.98 |
| | റോഡിതരം | 4814780 | 3334943 | 69.26 |
| 2016-17 | റോഡ് | 13104708 | 6622888 | 50.54 |
| | റോഡിതരം | 5728710 | 4042466 | 70.57 |

സേവനം മെച്ചപ്പെടുത്തുന്നതിനും, നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിരവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യമായ പദ്ധതികളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അതിന് അദ്യം വേണ്ടത് ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കുക എന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരു ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

പഞ്ചായത്ത് ഫണ്ടിൽനിന്നും വൻതുക ചെലവഴിച്ച് സ്ഥാപിച്ച രണ്ട് കുടിവെള്ള പദ്ധതികൾ (തടവിളപ്പടി, വെള്ളപ്പാറമുരുപ്പ് കുടിവെള്ള പദ്ധതികൾ) വർഷങ്ങളായി നിർജ്ജീവാവസ്ഥയിലാണ്. അതുപോലെതന്നെ കൃഷിഭവന്റെ ഉടമസ്ഥതയിലുള്ള ഒരു ട്രാക്ടറും, ടില്ലറും അന്യാധീനപ്പെട്ട നിലയിലാണ്. പഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള പല കെട്ടിടങ്ങളും ശരിയായ രീതിയിൽ പരിപാലിക്കപ്പെടുന്നില്ല (ഉദ: വയല കുടുക്കച്ചിറ കോളനി സാമൂഹ്യ സേവന പഠന കേന്ദ്രം).

ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനും, കൈമാറികിട്ടിയതുൾപ്പടെയുള്ള പഞ്ചായത്തിന്റെ ആസ്തികളുടെ ഭൗതിക സൗകര്യങ്ങൾ സംബന്ധിച്ച് നിലവിലെ സ്ഥിതി വിലയിരുത്തി പോരായ്മകൾ പരിഹരിക്കുന്നതിനും പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ ആരോഗ്യ സ്ഥാപനങ്ങൾ ഉൾപ്പെടെ കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിച്ചും, സേവന നിലവാരം ഉയർത്തിയും, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കത്തക്കവിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 നിർജ്ജീവമായ കുടിവെള്ള പദ്ധതികൾ പുനരുജ്ജീവിപ്പിക്കണം

പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലൂടെ നടപ്പിലാക്കിയ തടവിളപ്പടി കുടിവെള്ള പദ്ധതി ലക്ഷ്യം കാണാതെ അതിനായി ചെലവഴിച്ച 13.2 ലക്ഷം രൂപ പാഴായി. 2010-11 വർഷമാണ് പദ്ധതി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചത്. പദ്ധതി കമ്മീഷൻ ചെയ്തതിന് തൊട്ടുപിന്നാലെ പൈപ്പ് ലൈനിൽ ചോർച്ചയുണ്ടാകുകയും, പദ്ധതി പ്രവർത്തന രഹിതമാവുകയുമാണ് ഉണ്ടായത്. കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പിൽകൂടി എത്തുന്ന വെള്ളം അങ്കണവാടി നമ്പർ 22-ൽ സ്ഥാപിച്ചിട്ടുള്ള ടാങ്കിൽ ശേഖരിക്കുന്നതിനും ഉയർന്ന പ്രദേശമായ കോളനിയിലേക്ക് പൈപ്പ് ലൈൻ മുഖേന എത്തിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യം വച്ചിരുന്നത്. ഇതിനായി പദ്ധതി പ്രദേശത്ത് 50000 ലിറ്റർ വീതം സംഭരണ ശേഷിയുള്ള രണ്ട് വാട്ടർ ടാങ്കുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പൈപ്പ് ലൈനിലെ ചോർച്ച പരിഹരിക്കാതിരുന്നതുമൂലം പ്രദേശവാസികൾക്ക് ഈ പദ്ധതികൊണ്ട് യാതൊരു പ്രയോജനവും ഉണ്ടായില്ല. ചുരുങ്ങിയ ചെലവിൽ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കാവുന്ന ഈ പദ്ധതിയെ അധികൃതർ പിന്നീട് തിരിഞ്ഞ് നോക്കിയിട്ടില്ല.



തടവിളപ്പടി കുടിവെള്ള പദ്ധതിയുടെ പമ്പ് ഹൌസും, വാട്ടർ ടാങ്കുകളും

2008-09 വർഷം ആരംഭിച്ച് 2011-ൽ പണി പൂർത്തിയാക്കിയ വെള്ളപ്പാറ മുരുപ്പ് കുടിവെള്ള പദ്ധതിയ്ക്ക് 6.4 ലക്ഷം രൂപയാണ് പഞ്ചായത്ത് ചെലവഴിച്ചിട്ടുള്ളത്. കഴിഞ്ഞ രണ്ട് വർഷങ്ങളായി ഈ പദ്ധതിയും പ്രവർത്തന രഹിതമാണ്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. പ്രവർത്തന രഹിതമായ കുടിവെള്ള പദ്ധതികൾ അറ്റകുറ്റപ്പണികൾ നടത്തി പുനരുജ്ജീവിപ്പിക്കുന്നതിന് പഞ്ചായത്ത് പദ്ധതി ആവിഷ്കരിക്കണം
2. പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ പഞ്ചായത്തിന്റേതായി ചെലവഴിക്കപ്പെടാതെ കിടക്കുന്ന ഡെപ്പോസിറ്റ് തുകകൾ വിനിയോഗിക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായുക.
3. പ്രവർത്തന ക്ഷമമായ പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ സമിതി രൂപീകരിച്ച് പരിപാലന ചുമതല പൂർണ്ണമായും അവരെ ഏൽപ്പിക്കുക
4. ഗുണഭോക്തൃസമിതിയുടെ പ്രവർത്തനത്തിന് ബൈലോ തയ്യാറാക്കുകയും, സമിതി രജിസ്റ്റർ ചെയ്യുകയും ചെയ്യുക
5. സമിതിയുടെ പേരിൽ ബാങ്ക് അക്കൌണ്ട് തുടങ്ങി പണമിടപാടുകൾ അക്കൌണ്ടിലൂടെ നടത്തുന്നതിന് ക്രമീകരണം ചെയ്യുക
6. കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം മോണിട്ടർ ചെയ്യുന്നതിന് പഞ്ചായത്ത് തലത്തിൽ പ്രത്യേക മേൽനോട്ട സമിതി രൂപീകരിക്കുക

മേൽ നിർദ്ദേശങ്ങളിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-26 കൃഷിഭവൻ വക ട്രാക്ടറും, ടില്ലറും അന്യാധീനപ്പെട്ടു</u>

ഏഴംകുളം കൃഷിഭവന്റെ ഉടമസ്ഥതയിലുള്ള ഒരു ട്രാക്ടറും, ടില്ലറും അന്യാധീനപ്പെട്ട നിലയിലാണ്. ഓഡിറ്റിന്റെ ഭാഗമായി കൃഷി ഭവന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോഴാണ് വർഷങ്ങളായി ഇവ സ്വകാര്യ വ്യക്തികളുടെ കൈവശത്തിലാണെന്ന് വ്യക്തമായത്. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല. ഉപകരണങ്ങൾ വാങ്ങിയ വർഷം, വില, ആർക്ക് വിതരണം ചെയ്തു തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ ഇല്ല. ഇവ പാടശേഖര സമിതികൾക്ക് കൈമാറിയതായാണ് കൃഷിഭവനിൽ നിന്ന് ലഭ്യമായ വിവരം. എന്നാൽ നിലവിൽ പഞ്ചായത്തിലെ പാടശേഖര സമിതികൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. പാടശേഖര സമിതികൾക്ക് കൈമാറിയ ഉപകരണങ്ങളാണ് സ്വകാര്യ വ്യക്തികൾ കൈവശത്തിലാക്കിയത്.

കൃഷിഭവന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കാർഷിക കർമ്മ സേനയുടെ 10.08.2020-ലെ പഞ്ചായത്ത് തല ഉപദേശക സമിതി യോഗത്തിൽ കൃഷിഭവൻ വക മെഷിനറി സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ട്. ഇവ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാർഷിക കർമ്മ സേനയിലേക്ക് മുതൽ കൂട്ടണമെന്ന നിർദ്ദേശമാണ് യോഗം മുന്നോട്ട് വെച്ചത്. എന്നാൽ പ്രായോഗികവും, യുക്തവുമായ ഈ നിർദ്ദേശം നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ടവർ നടപടി സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. കാർഷിക കർമ്മ സേനയുടെ നിർദ്ദേശം നടപ്പിലാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-27 പഞ്ചായത്ത് ഒടുക്കിയ വെള്ളക്കര കുടിശ്ശിക 559129 രൂപ വാട്ടർ അതോറിറ്റി കണക്കിൽപ്പെടുത്തിയില്ല; കുടിശ്ശിക 14.75 ലക്ഷമായി പെരുകി</u>

പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2019 മേയ് മാസത്തിലേക്ക് 21900149/30.05.20 നമ്പർ വൌച്ചർ പ്രകാരം ഒടുക്കിയ 559129 രൂപ വാട്ടർ അതോറിറ്റി കണക്കിൽപ്പെടുത്തിയിട്ടില്ല. തുടർ മാസങ്ങളിലെ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസുകളിൽനിന്നാണ് തുക വാട്ടർ അതോറിറ്റി അക്കൌണ്ട് ചെയ്തിട്ടില്ലെന്ന് വ്യക്തമായിട്ടുള്ളത്. പഞ്ചായത്ത് തുക ഓൺലൈനായി ട്രാൻസ്ഫർ ചെയ്തു നൽകുകയായിരുന്നു. എന്നാൽ തുക ട്രാൻസ്ഫർ ചെയ്തതിന്റെ UTR നമ്പർ കാണിച്ച് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകുകയോ, ചെലവിനാധാരമായി വാട്ടർ അതോറിറ്റിയുടെ രസീതി വാങ്ങി ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. തുക ഒടുക്കിയതിന്റെ കൈപ്പറ്റ് രസീതി ലഭ്യമാകാതിരുന്നതും, അതിലുപരിയായി തുക വാട്ടർ അതോറിറ്റി കണക്കിൽപ്പെടുത്താതിരുന്നതും ഉത്തരവാദപ്പെട്ടവർ ശ്രദ്ധിച്ചിട്ടില്ല. പഞ്ചായത്ത് ഒടുക്കിയ തുക ഉൾപ്പെടെ കുടിശ്ശികയായി കാണിച്ചുകൊണ്ടുള്ള ഡിമാന്റ് നോട്ടീസുകൾ 2019 മേയ് മാസം മുതൽ പഞ്ചായത്തിന് ലഭിച്ചെങ്കിലും ഡിമാന്റ് തുകയിലെ വമ്പിച്ച പൊരുത്തക്കേടുകൾ അവഗണിച്ച് പഞ്ചായത്ത് തൻമാസ ഡിമാന്റ് തുകമാത്രം ഒടുക്കുവരുത്തിപോരുകയാണ് ചെയ്തത്. ഇതുമൂലം കുടിശ്ശിക തുകയിന്മേലുള്ള പിഴ പലിശ ഇനത്തിൽ മാത്രം 2021 സെപ്റ്റംബർ മാസം വരെ ഉദ്ദേശ്യം 541887 രൂപ വാട്ടർ അതോറിറ്റി പഞ്ചായത്തിനുമേൽ അധിക ബാദ്ധ്യത ചുമത്തിയിരിക്കുന്നു (2/21-ലെ ബിൽ പരിശോധനയ്ക്ക് ലഭിക്കാതിരുന്നതിനാൽ തുക കൃത്യമായി കണക്കാക്കാൻ സാധിച്ചിട്ടില്ല). കുടിശ്ശികയും, പിഴപലിശയും ഉൾപ്പടെ ഓഡിറ്റ് തീയതിയിലെ വെള്ളക്കര കുടിശ്ശിക 1475037 രൂപയാണ്.

അക്കൗണ്ടിലേക്ക് ഓൺലൈനായി തുക ക്രഡിറ്റ് ചെയ്ത കാര്യം പഞ്ചായത്ത് രേഖാമൂലം അറിയിക്കാതിരുന്നതിനാലാണ് വാട്ടർ അതോറിറ്റിയ്ക്ക് ടി തുക പഞ്ചായത്തിന്റെ പേരിൽ അക്കൌണ്ട് ചെയ്യാൻ സാധിക്കാതിരുന്നതെന്ന് വാട്ടർ അതോറിറ്റി അധികൃതരുമായി ബന്ധപ്പെട്ട് അന്വേഷിച്ചതിൽ അറിയാൻ കഴിഞ്ഞു.

പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്ന കാരണം പറഞ്ഞ് 2019 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ വെള്ളക്കരം പഞ്ചായത്ത് ഒടുക്കു വരുത്തിയിരുന്നില്ല. ഈ കുടിശ്ശിക തുകയും തൻമാസ ഡിമാന്റ് തുകയും പിഴപലിശയും ഉൾപ്പടെ 566226 രൂപയുടെ ഡിമാന്റ് നോട്ടീസാണ് മേയ് മാസം പഞ്ചായത്തിന് ലഭിച്ചത്. ഇതിൽ പിഴ പലിശ 7097 രൂപ ഒഴിവാക്കി തുക ഒടുക്കുന്നതിന് സെക്രട്ടറി ഫയലിൽ കുറിപ്പ് എഴുതിയതിന്റെ അടിസ്ഥാനത്തിലാണ് 559129 രൂപ ഒടുക്കിയത്. ഈ തുകയാണ് വാട്ടർ അതോറിറ്റിയുടെ കണക്കിൽ വരാതിരുന്നത്. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 18/2020-21, തീയതി 18.09.21) അധികൃതർ മറുപടി ലഭ്യമാക്കിയില്ല. ഈ തുകയും അതിന്മേൽ വാട്ടർ അതോറിറ്റി നാളിതുവരെ ചുമത്തിയ പിഴപലിശയും ക്രമീകരിച്ച് നിലവിലുള്ള വെള്ളക്കര കുടിശ്ശിക തീർപ്പാക്കുന്നതിന് സെക്രട്ടറി സത്വര നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-28 അസി.എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം - അപാകതകൾ

ഓഡിറ്റ് വർഷം അസി.എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടറുകൾക്ക് മത്സര സ്വഭാവമില്ല

2019-20 വർഷങ്ങളിൽ പഞ്ചായത്ത് ആവിഷ്കരിച്ച മരാമത്ത് പ്രവൃത്തികളിൽ അഞ്ച് ലക്ഷത്തിൽ കുറവ് അടങ്കലുള്ള എല്ലാ പദ്ധതികളും മാന്വൽ ടെണ്ടർ ക്ഷണിച്ചാണ് നടത്തിയിട്ടുള്ളത്. പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ സ്ഥിരമായി കരാറെടുക്കുന്ന ചുരുക്കം ചില വ്യക്തികൾ മാത്രമാണ് ടെണ്ടറിൽ പങ്കെടുക്കുന്നത്. 6-7 കരാറുകാർ ടെണ്ടർ ഫാറം വാങ്ങുന്നതായും പിന്നീട് ടെണ്ടർ സമർപ്പിക്കുന്ന വേളയിൽ ഇവരിൽ രണ്ട് പേർ മാത്രം ടെണ്ടർ സമർപ്പിക്കുന്നതായുമാണ് കാണുന്നത്. ലഭിക്കുന്ന ടെണ്ടറുകളുടെ കാര്യത്തിലാകട്ടെ മത്സര സ്വഭാവം തീരെ ഇല്ല. എസ്റ്റിമേറ്റ് നിരക്കോ, ദശാംശത്തിൽ കുറഞ്ഞ നിരക്കിലോ ആണ് ഭൂരിപക്ഷം പ്രവൃത്തികളും കരാർ നൽകുന്നത്. മാന്വൽ ടെണ്ടറുകളുടെ കാര്യത്തിൽ കരാറുകാർ പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ ടെണ്ടറുകൾ സമർപ്പിക്കുന്നതിലൂടെ മത്സര സ്വഭാവം ഇല്ലാതാകുന്നതായാണ് പരിശോധനയിൽ സ്പഷ്ടമായിട്ടുള്ളത്.

ഇ-ടെണ്ടർ ക്ഷണിക്കുന്നത് മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ലഭിക്കുന്നതിനും, അതിലൂടെ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ തുക പഞ്ചായത്തിന് ലഭിക്കുന്നതിനും സഹായകമാണെന്നിരിക്കെ, മാന്വൽ ടെണ്ടർ രീതി അവലംബിക്കുന്നതിലൂടെ കരാറുകാർക്കിടയിൽ മത്സരം ഉണ്ടാക്കാത്ത സ്ഥിതിവിശേഷം സംജാതമാക്കുകയും ചെയ്യുന്നുണ്ട്. ഈ നടപടി പഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് അനുഗുണമല്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഈ വിഷയത്തിൽ ഓഡിറ്റ് അസി.എഞ്ചിനീയറോട് വിശദീകരണം ആരാഞ്ഞിരുന്നു. ടെണ്ടർ ഫാറം ധാരാളം കരാറുകാർ വാങ്ങുന്നുവെങ്കിലും തിരികെ ലഭിക്കുന്ന ടെണ്ടറുകളുടെ എണ്ണം പരിമിതമാണെന്നും, ഈ സാഹചര്യത്തിൽ ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിലൂടെ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ഗണ്യമായ തുക പഞ്ചായത്തിന് ലഭിക്കുന്നതിനും,

അത് ഉപയോഗിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സാധിക്കുന്നതാണെന്നും അസി.എഞ്ചിനീയർ അറിയിച്ചു.

മേൽ വിവരിച്ച വസ്തുതകളുടെ വെളിച്ചത്തിൽ ഗ്രാമപഞ്ചായത്തിലെ എല്ലാ പ്രവൃത്തികളും ഇ-ടെണ്ടർ മുഖാന്തിരം നടപ്പിലാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

2. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ച

പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. 2019/20-ൽ അസിസ്റ്റന്റ് എഞ്ചിനീയർ (എൽ എസ് ജി ഡി) നിർവ്വഹണ ഉദ്യോഗസ്ഥയായുള്ള പൊതുമരാമത്ത് പ്രവൃത്തികളിൽ ആകെയുള്ള 58 പ്രവൃത്തികളിൽ 44 എണ്ണം 07.03.20 തീയതിയിലും അരംഭിച്ചിട്ടില്ലെന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതായും, നിർവ്വഹണം പൂർത്തീകരിക്കുന്നതിന് വളരെ കുറഞ്ഞ ദിവസങ്ങൾ മാത്രം ശേഷിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിനനുവദിച്ച വിവിധ ഫണ്ടുകൾ നഷ്ടപ്പെടാനിടയുണ്ടെന്നും 07.03.20-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി ചർച്ചചെയ്തതായി മിനിട്സ് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ സമയക്രമം പാലിക്കാത്ത കരാറുകാർക്കെതിരെ എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ അസി.എഞ്ചിനീയർ സ്വീകരിച്ചതായി ഫയലുകളിൽ രേഖയില്ല. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ കരാറുകാർക്കും നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും, മതിയായ ഉദ്യോഗസ്ഥരുടെ അഭാവം മൂലം നോട്ടീസുകൾ ഫയലിൽ ഇടുന്നതിന് സാധിച്ചിട്ടില്ലെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അസി.എഞ്ചിനീയർ അറിയിച്ചു. നോട്ടീസുകൾ ഫയലിൽ ഇടുന്നുണ്ടെന്ന് മേലിൽ ഉറപ്പാക്കേണ്ടതാണ്.

3. ടെണ്ടർ രജിസ്റ്റർ യഥാവിധി എഴുതി സൂക്ഷിക്കുന്നില്ല

ടെണ്ടർ രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്ററിൽ ടെണ്ടർ തുറക്കുമ്പോൾ സന്നിഹിതരായ കരാറുകാരുടെയും, പഞ്ചായത്ത് പ്രസിഡന്റിന്റെയും കൈയ്യൊപ്പ് വാങ്ങുന്നില്ല. ഇ.എം.ഡി. ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തുന്നില്ല. ടെണ്ടർ അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന നമ്പരും, തീയതിയും രേഖപ്പെടുത്തുന്നില്ല. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഫയൽ വർക്കുകൾ ചെയ്യുന്നതിന് ഒരു ക്ലാർക്കിന്റെ സേവനം ലഭ്യമല്ലാത്ത സാഹചര്യത്തിൽ അസി.എഞ്ചിനീയർ തന്നെ എല്ലാ ഫയൽ ജോലികളും ചെയ്യേണ്ടിവരുന്നതിനാലാണ് രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ചവന്നിട്ടുള്ളതെന്ന് വിശദീകരിക്കപ്പെട്ടു.

പഞ്ചായത്തിലെ എഞ്ചിനീയറിംഗ് സെക്ഷനിൽ ക്ലറിക്കൽ തസ്തിക ഇല്ലെന്നുള്ളതും, കർത്തവ്യ ബാഹുല്യം കാരണം (മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് പുറമേ, കെട്ടിട നിർമ്മാണ ലൈസൻസിനുള്ള അപേക്ഷകളിന്മേലുള്ള പരിശോധന, വ്യക്തികഗത ഗുണഭോക്താക്കൾക്ക് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റുകൾ നൽകൽ തുടങ്ങിയ ജോലികളും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ചുമതലയിൽപ്പെടുന്നു) ഫയലുകളും രേഖകളും കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗം ബുദ്ധിമുട്ട് നേരിടുന്നു എന്നത് ഒരു വസ്തുതയാണ്. തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായ ക്ലാർക്കുമാരുടെ സേവനം ഓരോ ഗ്രാമപഞ്ചായത്തും ലഭ്യമാക്കണമെന്ന് സർക്കാർ നിർദ്ദേശം നിലവിലുണ്ട്(സ.ഉ.(സാധാ.)നം.3225/2009/ത.സ്വ.ഭ.വ). ഈ സാഹചര്യത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന് ഒരു ക്ലാർക്കിന്റെ സേവനം വിട്ടു നൽകുന്ന കാര്യം പഞ്ചായത്ത് കമ്മിറ്റി സജീവമായി പരിഗണിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

4. ടെണ്ടർ ഫാറങ്ങളുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ സൂക്ഷിക്കുന്നില്ല

അസി.എഞ്ചിനീയർ ടെണ്ടർ ഫാറങ്ങളുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. വിൽക്കുന്ന ഫാറങ്ങളുടെ സ്റ്റോക്ക് വിതരണ വിവരം സൂക്ഷിക്കാതിരിക്കുന്നത് ശരിയല്ല. രജിസ്റ്ററിന്റെ അഭാവത്തിൽ ഓഡിറ്റ് കാലയളവിൽ ടെണ്ടർ ഫാറം വില ഇനത്തിൽ വരവ് വന്ന തുകയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ടെണ്ടർ ഫാറങ്ങളുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും അടുത്ത ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

5. മരാമത്ത് ഫയലുകൾ സൂക്ഷിക്കുന്നതിലെ ന്യൂനത

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ഒന്നും തന്നെ അസി.എഞ്ചിനീയർ തയ്യാറാക്കി അസി.എക്സി.എഞ്ചിനീയർ മേലൊപ്പിട്ട കംപ്ലീഷൻ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. പ്രവൃത്തികളുടെ മോണിട്ടറിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. എഗ്രിമെന്റ് കാലയളവിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കുന്നുണ്ടെങ്കിലും, പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് അപേക്ഷ വാങ്ങുകയോ ചട്ടപ്രകാരം സപ്ലിമെന്ററി എഗ്രിമെന്റ് വെപ്പിച്ച് പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് വാങ്ങുകയോ ചെയ്യുന്നില്ല. ആയിരം രൂപയുടെ മുദ്രപത്രത്തിലാണ് സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടത്. സമയ ദീർഘീകരണത്തിന് കരാറുകാരിൽനിന്നും സപ്ലിമെന്ററി എഗ്രിമെന്റ്

എഴുതി വാങ്ങാത്തതിനാൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ സർക്കാർ ഫണ്ടിന് നഷ്ടം ഉണ്ടാകുന്നുണ്ട്. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. സെക്യൂരിറ്റി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

കരാറുകാരിൽ നിന്നും ജാമ്യനിക്ഷേപമായി ലഭിക്കുന്ന പലിശ കിട്ടുന്ന സെക്യൂരിറ്റികളുടെ കൈപ്പറ്റലും, തിരിച്ച് നൽകലും നിരീക്ഷിക്കുവാനായി KPWD ഫാറം 81-ൽ പലിശകിട്ടുന്ന സെക്യൂരിറ്റികളുടെ രജിസ്റ്റർ സൂക്ഷിക്കുവാൻ കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡിൽ നിഷ്കർഷിച്ചിട്ടുണ്ട് (ഖ-15.6.1). എന്നാൽ അസി.എഞ്ചിനീയർ ഈ വിധമുള്ള ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലായിരുന്നു. എഗ്രിമെന്റ് രജിസ്റ്ററിലാണ് സെക്യൂരിറ്റി, പെർഫോർമെൻസ് ഗ്യാരന്റി മുതലായവയുടെ വിവരം ചേർത്തിട്ടുള്ളത്. പൂർത്തിയാക്കിയ മരാമത്ത് പ്രവൃത്തികളുടെ സെക്യൂരിറ്റി, സംരക്ഷണകാലയളവിനുശേഷം മടക്കി നൽകുമ്പോൾ ബന്ധപ്പെട്ട ഓവർസീയറുടെ പരിശോധനാ റിപ്പോർട്ടോ, അസി.എഞ്ചിനീയറുടെ ഉത്തരവോ ഫയലിൽ നോട്ട് ചെയ്യുന്നില്ല. ഫയൽ നോട്ടിന്റെ അഭാവത്തിൽ സംരക്ഷണ കാലയളവിനുശേഷം പ്രവൃത്തികളുടെ സ്ഥിതി പരിശോധിച്ച് പ്രവൃത്തിക്ക് തകരാറില്ലെന്ന് ബോദ്ധ്യപ്പെട്ടതിനുശേഷം മാത്രമാണ് സെക്യൂരിറ്റികൾ റിലീസ് ചെയ്യുന്നതെന്ന് ഉറപ്പാക്കാനായിട്ടില്ല. ജാമ്യനിക്ഷേപം കൈപ്പറ്റലും, മടക്കി നൽകലുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 മരാമത്ത് പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്താതെ ബിൽ തുക നൽകി

ഓഡിറ്റ് വർഷം ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള രണ്ട് പ്രവൃത്തികളുടെ അളവുകൾ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർമെന്റ് നടത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 15(3) പ്രകാരം ഒരു ഓവർസീയർ രേഖപ്പെടുത്തലുകൾ ഒരു അസി.എഞ്ചിനീയറും, അസി.എഞ്ചനീയർ രേഖപ്പെടുത്തുന്ന അളവുകൾ ഒരു അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറും ചെക്ക് മെഷർമെന്റ് നടത്തേണ്ടതാണ്. അസി.എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ അളവുകളാണ് ചെക്ക് മെഷർമെന്റ് നടത്താതെ കരാറുകാർക്ക് ബിൽതുക നൽകിയിട്ടുള്ളത്.

| ക്രമ നം. | പ്രോ.നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | അടങ്കൽ | ചെലവ് | എം.ബുക്ക് നം. |
|---|---|---|---|---|---|---|
| 1 | 180/19-20 | പുത്തൻവിളപ്പടി കുതിരമുക്ക് റോഡ് റീടാറിംഗ് വാർഡ് 18 | ശ്രീ കെ.ജെ. ബിജു | 350000 | 349666 | 46/19-20 (Page 1-17) |
| 2 | 139/19-20 | തെക്കേടത്ത്പടി -നെടിയത്ത്പടി റോഡ് റീടാറിംഗ് വാർഡ് 20 | ശ്രീ കെ.ജെ.ബിജു | 500000 | 499988 | 52/19-20 (Page 1-19) |

എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവുകളുടെ കൃത്യത അസി,എക്സി. എഞ്ചിനീയർ ചെക്ക് മെഷർമെന്റ് നടത്തി സാക്ഷ്യപ്പെടുത്താതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ച് നൽകിയത് ക്രമവിരുദ്ധമാണ്. ടി പ്രവൃത്തികളുടെ മെഷർമെന്റ് രേഖപ്പെടുത്തി അസി.എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ളതായിരുന്നുവെന്നും ബിൽ ഉൾപ്പടെ സബ്ഡിവിഷനിൽനിന്നും എം.ബുക്ക് തിരികെ ലഭിച്ചപ്പോൾ ചെക്ക് മെഷർമെന്റ് നടത്തിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താൻ കോവിഡ് സാഹചര്യത്തിലും മാർച്ചിലെ തിരക്കിനിടയിലും സാധിച്ചില്ലെന്നും വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/19-20 തീയതി 14.09.21) അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കി. ചെക്ക് മെഷർ ചെയ്യാതെ തുക അനുവദിച്ചത് ഗൗരവം അർഹിക്കുന്ന വീഴ്ചയാണ്. ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് വിഷയം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-30 കരാർ വെച്ചതിനുശേഷം പ്രവൃത്തി ഉപേക്ഷിച്ച കരാറുകാർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ ഗുരുതര വീഴ്ച

2017-18, 2018-19 വർഷങ്ങളിലായി ടെണ്ടർ ചെയ്ത ഏതാനും മരാമത്ത് പ്രവൃത്തികൾ കരാറെടുത്ത വ്യക്തികൾ പഞ്ചായത്തിൽ ജാമ്യ നിക്ഷേപ തുക കെട്ടിവെച്ച് കരാർ ചമച്ചതിനുശേഷം പ്രവൃത്തി നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായി. ഇപ്രകാരം കരാറുകാർ ഉപേക്ഷിച്ച പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്റ്റ് നം. | കരാർ | കരാറുകാരന്റെ | കരാറിലേർപ്പെട്ട | കരാർ നം. | ജാമ്യ |
|---|---|---|---|---|---|---|

| നം | പ്രോജക്ടിന്റെ പേര്, | തുക | പേര്, വിലാസം | തീയതി | | നിക്ഷേപ തുക |
|---|---|---|---|---|---|---|
| 1 | 129/17-18 - ഏഴംകുളം പഞ്ചായത്തിലെ എൽ.പി.എസ്. സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മാണം - | 284490 | ശ്രീ ബിനു തോമസ് തൈവിളയിൽ പുത്തൻവീട്, വയല, പറക്കോട് | 07.03.18 | 39/17-18/AE/LSGD/EKLM | 14200 |
| 2 | 222/17-18 - ഏഴംകുളം പഞ്ചായത്ത് കൃഷിഭവൻ പ്ലാസ്റ്ററിംഗ് | 106480 | ശ്രീ ഷിബു വർഗ്ഗീസ് ഷിബു ഭവനം കടിക, കൈതപറമ്പ് | 10365031.03.18 | 59/17-18/AE/LSGD/EKLM | 5250 |
| 3 | 59/18-19 - മുകളുവിളപ്പടി - ചിറവയൽപ്പടി റോഡിൽ തെക്ക് ഭാഗം മുതൽ വടക്ക് ഭാഗം വരെ സംരക്ഷണഭിത്തി നിർമ്മാണം 15 | 135000 | ഉണ്ണികൃഷ്ണൻ ഉഷമന്ദിരം പറക്കോട് | 21.08.2018 | 19/18-19/AE/LSGD/EKLM Dtd. | 6750 |
| 4 | 60/18-19 - പനവിള പുളിവിളപടി മൂലഭാഗം റോഡ് കലുങ്ക് പുനരുദ്ധാരണം | 235000 | അശ്വിൻ വിഷ്ണു ദത്ത്, ആഷാഡം, പുതുമല ഏഴംകുളം | 14.08.18 | 18/18-19/AE/LSGD/EKLM | 12000 |
| 5 | 71/18-19 - വെള്ളാരംകുന്ന് കോളനിക്കുള്ളിലെ റോഡ് കോൺക്രീറ്റിംഗ് | 400000 | ജോൺസൺ പി., നെല്ലിവിളയിൽ, ഏഴംകുളം | 07.11.18 | 27/18-19/AE/LSGD/EKLM | 20000 |
| 6 | 81/18-19 - കോട്ടുമുകൾപ്പടി തറയിൽപടി റോഡിന് സംരക്ഷണഭിത്തി നിർമ്മാണം | 300000 | ശ്രീ സോമരാജൻ ഡി. ഗായത്രി ഏഴംകുളം | 28.11.18 | 35/18-19/AE/LSGD/EKLM, Dtd. | 15000 |
| 7 | 124/18-19 - ഏനാത്ത് ചുമടുതാങ്ങി പിനക്കോട്ടുപടി റോഡ് മെയിന്റനൻസ് | 135000 | ശ്രീ ഗോപിനാഥൻ പിള്ള രഞ്ജിത് ഭവൻ ഏനാത്ത് | 16.11.18 | 31/18-19/AE/LSGD/EKLM | 7200 |
| 8 | 216/18-19 - പുത്തൻവിളപ്പടി | 200000 | ശ്രീ രാജേഷ് കെ., അനിതാ | 30.11.18 | 40/18-19/LSGD/EKLM | 10000 |

| | | | | | | |
|---|---|---|---|---|---|---|
| | വാളക്കോട്ട് പടി റീകോൺക്രീറ്റിംഗ് | | വിലാസം, പുതുമല | | | |
| 9 | 221/18-19 - ഓലികുളങ്ങര കുഴൽകിണർ പടി പഞ്ചായത്ത് കിണർ - ഓലികുളങ്ങര കമ്മ്യൂണിറ്റി ഹാൾ റോഡ് ഐറിഷ് ഓട നിർമ്മാണം | 400000 | ശ്രീ ജോൺസൺ പി. നെല്ലിവിളയിൽ ഏഴംകുളം | 0.12.2018 | 47/18-19/AE/LSGD/EKLM | 20000 |
| | ആകെ | | | | | 110400 |

കരാറുകാർ പ്രവൃത്തി ആരംഭിക്കാതിരുന്ന സാഹചര്യത്തിൽ ഇവ 2019-20 വർഷം മുതൽ സ്പിൽ ഓവറായി നിലനിർത്തിയിട്ടില്ല. എന്നാൽ കരാർ ലംഘനം നടത്തിയ കരാറുകാർക്കെതിരെ കരാർ വ്യവസ്ഥ പ്രകാരമുള്ള നടപടികളൊന്നും നിർവ്വഹണ ചുമതലയുണ്ടായിരുന്ന അസി.എഞ്ചിനീയർ സ്വീകരിച്ചിട്ടില്ല. കരാറുടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ നിയമാനുസൃതം നോട്ടീസ് അയച്ച് പതിനാല് ദിവസങ്ങൾക്കുശേഷം കരാർ റദ്ദാക്കുന്നതിനും പ്രവൃത്തി മറ്റൊരു ഏജൻസിവഴി പൂർത്തിയാക്കുന്നതിനും വ്യവസ്ഥയുണ്ട്. അങ്ങനെ മറ്റൊരു ഏജൻസിയെകൊണ്ട് പ്രവൃത്തി പൂർത്തിയാക്കുന്നതുമൂലം ഉണ്ടാകുന്ന അധിക ചെലവ് മുഴുവൻ കരാറുകാരന്റെ ബിൽ തുകയിൽനിന്നും, ജാമ്യനിക്ഷേപത്തിൽനിന്നും, സ്ഥാവര ജംഗമ സ്വത്തുക്കളിൽനിന്നും വസൂലാക്കുന്നതിന് കരാർ പ്രകാരം പഞ്ചായത്തിന് അധികാരമുണ്ട്. കരാർ വ്യവസ്ഥ ഇപ്രകാരമായിരിക്കെ യഥാസമയം പ്രവൃത്തി പൂർത്തിയാക്കാതെ പഞ്ചായത്തിന്റെ ഫണ്ട് ലാപ്സാകുന്നതിന് കാരണക്കാരായ കരാറുകാർക്കെതിരെ നടപടി സ്വീകരിക്കാതിരുന്നത് അസി.എഞ്ചിനീയറുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണ്. വീഴ്ചവരുത്തിയ കരാറുകാരെ അധികൃതർ പിഴനൽ നടപടികളിൽനിന്നും സംരക്ഷിച്ചെന്നുമാത്രമല്ല ഇവർക്ക് തുടർന്നുള്ള വർഷങ്ങളിൽ പഞ്ചായത്തിന്റെ മറ്റ് പ്രവൃത്തികളുടെ കരാറുകൾ നൽകിയിട്ടുള്ളതായും കാണുന്നു. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും, കരാർ വ്യവസ്ഥകളും ബാധകമല്ലെന്ന തരത്തിൽ പ്രവർത്തിക്കുന്നതിന് കരാറുകാർക്ക് സാധിക്കുന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള നിഷ്ക്രിയത്വം ഒന്നുകൊണ്ട് മാത്രമാണ്. പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം ചെയ്തു തീർക്കാത്ത എല്ലാ കരാറുകാരേയും കരിംപട്ടികയിൽ പെടുത്തുന്നതിന് കരാറുകാരുടെ പേരുവിവരങ്ങൾ കമ്മിറ്റിയ്ക്ക് മുമ്പാകെ ഹാജരാക്കണമെന്ന് 31.05.19-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി അസി.എഞ്ചിനീയറോട് നിർദ്ദേശിച്ചിട്ടുള്ളതായി മിനിട്സിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ അസി.എഞ്ചിനീയറുടെ ഭാഗത്തുനിന്നും ഈ വിഷയത്തിൽ യാതൊരു തുടർനടപടികളും സ്വീകരിച്ചിട്ടില്ല.

പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളും, കരാർ വ്യവസ്ഥകളും പ്രകാരം പ്രവൃത്തി നടത്തുന്നതിന് വീഴ്ചവരുത്തിയ കരാറുകാർക്കെതിരെ നടപടി സ്വീകരിക്കാതിരുന്നതിന് അസി.എഞ്ചിനീയർ വിശദീകരണം ലഭ്യമാക്കിയില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, മേൽപറഞ്ഞ പ്രവൃത്തികളുടെ ജാമ്യ നിക്ഷേപം (₹110400) കണ്ട്കെട്ടി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-31 ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് ചെലവ് 3 ലക്ഷം ; പൊതു പണത്തിന്റെ ധൂർത്ത്

ആകെ 70 ച.അടി തറ വിസ്തൃതി മാത്രമുള്ള ഒരു പബ്ലിക് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് പഞ്ചായത്ത് 300183 രൂപ ചെലവഴിച്ചു. അതായത് ഒരു ചതുരശ്ര അടി നിർമ്മാണം നടത്തുന്നതിന് ശരാശരി 4000 രൂപയാണ് ചെലവ് ചെയ്തിരിക്കുന്നത്. പഞ്ചായത്തിന്റെ 2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പഞ്ചായത്ത് ഓഫീസ് കോമ്പൌണ്ടിൽ ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മിക്കുന്ന പദ്ധതിക്ക് 4 ലക്ഷം രൂപയായിരുന്നു അടങ്കൽ നിശ്ചയിച്ചിരുന്നത്. ഈ പ്രോജക്ടിന്റെ നടത്തിപ്പിലാണ് പൊതു പണത്തിന്റെ ധൂർത്ത് ഉണ്ടായിട്ടുള്ളത്.

പ്രവൃത്തി ടെണ്ടർ (25.10.2018-ൽ) ചെയ്തതിൽ എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.രാജേഷ് കെ,അനിതാ വിലാസം, പുതുമല എന്ന കരാറുകാരനാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. മുൻ നിശ്ചയിച്ച സ്ഥലത്ത് പ്രവൃത്തി നടത്തുന്നതിന് തടസ്സം നേരിട്ടതിനാൽ പ്രവൃത്തി സ്ഥലത്തിൽ മാറ്റം വരുത്തിയാണ് നിർമ്മാണം നടത്തിയിട്ടുള്ളത്. ഇതിനനുസരിച്ച് എസ്റ്റിമേറ്റിൽ മാറ്റം വരുത്തി ചില അധിക ഇനങ്ങൾ ഉൾപ്പെടുത്തി 4 ലക്ഷം രൂപയുടെ ഒരു റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. നിലവിലുള്ള കെട്ടിടത്തിന്റെയും സെപ്റ്റിക് ടാങ്കിന്റെയും സംരക്ഷണാർത്ഥം ഒരു കോൺക്രീറ്റ് ഭിത്തിയും, വെയിറ്റിംഗ് ഷെഡിനോട് ചേർന്ന ഭാഗത്തേക്ക് ടോയ്‌ലറ്റിന്റെ

സ്ഥാനം മാറ്റിയിട്ടുള്ള സാഹചര്യത്തിൽ ആ ഭാഗത്ത് ഒരു മതിൽ കെട്ടുന്നതിനും റിവൈസ്ഡ് എസ്റ്റിമേറ്റിൽ പ്രോവിഷൻ നൽകേണ്ടി വന്നിട്ടുണ്ട്. പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റും, എം.ബുക്കും പരിശോധിച്ചതിൽ ഇപ്രകാരം ചെയ്തിട്ടുള്ള അഡീഷണൽ പ്രവൃത്തികളുടെ മൂല്യം 50000 രൂപയിൽ കുറവാണെന്ന് കണ്ടു.



മൂന്ന് ലക്ഷം രൂപ മുടക്കി നിർമ്മിച്ച ടോയ്‌ലറ്റ്

30.11.18-ൽ എഗ്രിമെന്റ് വെച്ച ഈ പ്രവൃത്തി 10.07.19-ലാണ് കരാറുകാരൻ പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിച്ചിട്ടുള്ളത്. 4 മാസം ആണ് പൂർത്തീകരണ കാലയളവ് ഉണ്ടായിരുന്നത്. പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് നീട്ടികിട്ടുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ, അസി.എഞ്ചിനീയർ കാലയളവ് ദീർഘിപ്പിച്ച് നൽകുകകയോ ചെയ്തിട്ടില്ല. ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 300183 രൂപയുടെ പ്രവൃത്തി നടത്തി. നികുതികളും, ക്ഷേമനിധി വിഹിതവും കിഴിച്ചതിനുശേഷം കരാറുകാരന് 288175 രൂപ പ്രതിഫലം നൽകി. എന്നാൽ കാലതാമസത്തിന് ഫൈനൽ ബില്ലിൽനിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ പ്രവൃത്തിയുടെ അസ്സൽ എസ്റ്റിമേറ്റിനോടൊപ്പം പ്ലാൻ, ഡിസൈൻ മുതലായ രേഖകൾ ലഭ്യമാക്കിയിട്ടില്ലെന്ന് കാണുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയ വേളയിലും കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. കൃത്യമായ പ്ലാനോ, ഡിസൈനോ ഇല്ലാതെയാണ് നിർമ്മാണം നടത്തിയിട്ടുള്ളതെന്നാണ് കാണുന്നത്. നിലവിലുള്ള നിരക്ക് പ്രകാരം ഒരു കെട്ടിടം നിർമ്മിക്കുന്നതിന് ച.അടിയ്ക്ക് ശരാശരി 1450 മുതൽ 1950 വരെ രൂപ ചെലവ് വരുന്ന സ്ഥാനത്താണ് ഇരട്ടിയിലധികം തുക ചെലവഴിച്ച് നിർമ്മാണം നടത്തിയിരിക്കുന്നത്. അനാവശ്യ ഇനങ്ങൾ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് (ഉദാ: സ്ലോപ്പ്ഡ് ഷേഡ്, റൂഫ് പാരപ്പറ്റ് Etc.) അതിനാലാണ് എസ്റ്റിമേറ്റ് കോസ്റ്റിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളത്. ഇത് പൊതുപണത്തിന്റ ധൂർത്തായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ഫൈനാൻഷ്യൽ കോഡിൽ നിർവ്വചിച്ചിട്ടുള്ള സാമ്പത്തിക അച്ചടക്കം ഇക്കാര്യത്തിൽ പാലിച്ചിട്ടില്ല. ("Every Officer Is Expected To Exercise The Same Vigilance In Respect Of Expenditure Incurred From Public Money As A Person Of Ordinary Prudence Would Exercise In Respect Of Expenditure Of His Own Money." "The Expenditure Should Not Be Prima Facie More Than The Occasion Demands."). അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസി.എഞ്ചിനീയർ തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയം അന്വേഷണവിധേയമാക്കുന്നതിനും തുടർനടപടികൾക്കുമായി പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

എഗ്രിമെന്റ് കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കരാറുകാരനിൽനിന്നും നിയമാനുസൃത പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് അസി.എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-32 നിർമ്മാണം പൂർത്തിയാക്കിയ സാമൂഹ്യസേവന പഠനകേന്ദ്രം - ഉദ്ദേശ്യലക്ഷ്യം കൈവരിച്ചില്ല

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ വകയായി വയല കുടുക്കച്ചിറ കോളനിയിലുള്ള സ്ഥലത്ത് സാമൂഹ്യ സേവന പഠന കേന്ദ്രം എന്ന പേരിൽ ഒരു കെട്ടിടം നിർമ്മിക്കുന്നതിന് പട്ടികജാതി വികസന ഫണ്ടിൽനിന്നും 10ലക്ഷം രൂപ അടങ്കലിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തിക്ക് കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സമർപ്പിച്ച ശ്രീ രാജേന്ദ്രൻ നായർ, ശ്രീരാഗം, അഴൂർ എന്ന കരാറുകാരനാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. 10.03.2018-ൽ

എഗ്രിമെന്റ് വെച്ച ഈ പ്രവൃത്തി (എഗ്രി.നം.42/AE/LSGD/EKLM/17-18) 13.08.2019-ൽ പൂർത്തിയാക്കി കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിട്ടുണ്ട്. ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 923260 രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. ഭൗതിക പരിശോധനയിൽ ഈ കെട്ടിടം കോളനിവാസികൾക്ക് ഉപയോഗത്തിന് തുറന്ന് കൊടുക്കാതെ അടച്ചിട്ടിരിക്കുന്നതായി കണ്ടു. മാസങ്ങളായുള്ള വൈദ്യുതി ബില്ലുകൾ മീറ്റർ ബോർഡിൽ തിരുകിവച്ചനിലയിലും, കെട്ടിടത്തിന്റെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ച നിലയിലുമാണ്. കെട്ടിടത്തിന് വൈദ്യുതീകരണവും, പ്ലംബിംഗ് വർക്കും നടത്തിയിട്ടുണ്ട്. അടുത്തുള്ള പൊതു കിണറിൽ പമ്പ് സെറ്റ് സ്ഥാപിച്ച് കെട്ടിടത്തിൽ ജല ലഭ്യതയും ഉറപ്പുവരുത്തിയിട്ടുണ്ട്. എന്നാൽ നിലവിൽ ഇവയെല്ലാം നിഷ്ക്രീയ ആസ്തികളായിരിക്കുന്നു. കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ ഫർണിച്ചർ ഒന്നുംതന്നെ ലഭ്യമാക്കിയിട്ടില്ല. കെട്ടിടം പൂട്ടി വാർഡ് മെമ്പർ താക്കോൽ കൈവശം സൂക്ഷിച്ചിരിക്കുന്നതായി അന്വേഷണത്തിൽ അറിയാൻ സാധിച്ചു. മാസങ്ങളായുള്ള വൈദ്യുതി ബില്ലുകൾ ഒടുക്കുവരുത്താതെ വൈദ്യുതി വിച്ഛേദിച്ചിട്ടുള്ള സാഹചര്യത്തിൽ കെട്ടിടത്തിന്റ പരിപാലനത്തിന്റെ ഉത്തരവാദിത്വം ആരും ഏറ്റെടുത്തിട്ടില്ലെന്ന് വ്യക്തമാണ്.




കോളനിയുടെ വികസനത്തിനും, കോളനിവാസികളുടെ സാമൂഹിക വിദ്യാഭ്യാസ പുരോഗതിക്കും ടി കെട്ടിട നിർമ്മാണം അനിവാര്യമാണെന്ന് പറഞ്ഞാണ് പട്ടികജാതി ഫണ്ട് ഈ പദ്ധതിയ്ക്ക് വിനിയോഗിച്ചിട്ടുള്ളത്. ഈ കെട്ടിടം കോളനി നിവാസികൾക്ക് ഉപയോഗത്തിന് തുറന്ന് കൊടുക്കാതെയും, കെട്ടിടം ശരിയായ രീതിയിൽ പരിപാലിക്കാതെയും പൂട്ടിയിട്ടിരിക്കുന്നത് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്.

<u>ഓഡിറ്റ് ശുപാർശകൾ</u>

1. പദ്ധതിയുടെ ഗുണഭോക്താക്കളുടെ ഒരു കമ്മിറ്റി രൂപീകരിച്ച് കെട്ടിടത്തിന്റെ പരിപാലന ചുമതല അവരെ ഏൽപ്പിച്ചു നൽകുക (കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി എഗ്രമെന്റ് ചമച്ചതിനുശേഷം)
2. കെട്ടിത്തിലേക്ക് ആവശ്യമായ ഫർണിച്ചറുകൾ ലഭ്യമാക്കുക
3. കുട്ടികൾക്ക് പഠനത്തിനും, വിനോദത്തിനും ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കുക (ലൈബ്രറി, ഇന്റർനെറ്റ് സൗകര്യത്തോട് കൂടിയ കമ്പ്യൂട്ടർ, ടെലിവിഷൻ, കേബിൾ കണക്ഷൻ Etc.)
4. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ കമ്മ്യൂണിറ്റി ഹാളുകളുടെയും പരിപാലനത്തിന് പഞ്ചായത്ത് തലത്തിൽ മേൽനോട്ട സമിതി രൂപീകരിക്കുക.

   ഈ കെട്ടിടം കോളനി വാസികൾക്ക് ഉപയോഗത്തിന് തുറന്ന് കൊടുക്കുന്നതിനുള്ള നടപടികൾക്കായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-33 സെൽഫ് ഡിക്ലറേഷൻ ഫാറം ഹാജരാക്കാതെ കരാറുകാർക്ക് GST കോമ്പൻസേഷൻ അനുവദിച്ചു</u>

2019-20 സാമ്പത്തിക വർഷം നടപ്പിലാക്കിയ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികൾക്കും GST കോമ്പൻസേഷൻ ഇനത്തിൽ 12% തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ഫൈനൽ ബില്ലിനൊപ്പം കരാറുകാർക്ക് നൽകിയിട്ടുണ്ട്. സ.ഉ(അച്ചടി) നം.87/2017/തസ്വഭവ, തീ. 01.11.2017 നമ്പർ ഉത്തരവ് പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും നിർബന്ധമായും GST രജിസ്ട്രേഷൻ എടുക്കേണ്ടതും ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്. സ.ഉ.(സാധാ.)നം.2532/2018/തസ്വഭവ, തീ. 29.09.201 നമ്പർ ഉത്തരവ് പ്രകാരം GST കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം, GST നമ്പർ എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ്

ഡിക്ലറേഷൻ നൽകണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി സമർപ്പിക്കേണ്ട മാതൃകയും സർക്കാർ ഈ ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ GST കോമ്പൻസേഷൻ അനുവദിച്ചു നൽകിയിട്ടുള്ള പ്രവൃത്തികളുടെ ഫയലുകളിലൊന്നുംതന്നെ സെൽഫ് ഡിക്ലറേഷൻ ഫോറം ഹാജരാക്കിയിട്ടില്ല. മേൽ ഉത്തരവിൽ പറഞ്ഞിട്ടുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-34 ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച

ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ യഥാസമയം തുടർ നടപടി സ്വീകരിക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ട്. 07.01.2020-ൽ സംസ്ഥാന ഓഡിറ്റ് വകുപ്പിൽനിന്നും പുറപ്പെടിവിച്ചിട്ടുള്ള 2018-19വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ച് ആദ്യ മറുപടി തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും, ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15 എന്നിവ പ്രകാരം ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനലകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും, അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. അതുപോലെതന്നെ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം അതിൽ ഉൾപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും അയത് സംബന്ധിച്ച ഒരു റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23). ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റിയതിനുശേഷം നിയമവും, ചട്ടവും പ്രകാരം സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കാതിരുന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റേത് ഉൾപ്പടെ ഗ്രാമപഞ്ചായത്തിൽ നടക്കുന്ന വിവിധ പരിശോധനകളുടെ റിപ്പോർട്ടിന്മേൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി ഒരു സീനിയർ ക്ലാർക്കിന് പ്രത്യേക ചുമതല നൽകേണ്ടതും, ഹെഡ്ക്ലാർക്ക്/ജൂനിയർ സൂപ്രണ്ടിന് ആയതിന്റെ മേൽനോട്ട ചുമതല നൽകേണ്ടതുമാണ്. (പഞ്ചായത്ത് ഡയറക്ടറുടെ 18.01.2007-ലെ എച്ച്-1/13880/06 നമ്പർ സർക്കുലർ കാണുക) പരിശോധനാ റിപ്പോർട്ടുകളിന്മേൽ നിയമം വ്യവസ്ഥ ചെയ്യുന്ന സമയപരിധിക്കുള്ളിൽ തന്നെ നടപടി സ്വീകരിക്കേണ്ടതും ബന്ധപ്പെട്ടവരെ വിവരം അറിയിക്കേണ്ടതും, ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരിൽ നിന്നും പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടം ഈടാക്കേണ്ടതുമാണ്. കൂടാതെ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചാൽ അതിൽ ചൂണ്ടികാട്ടിയിട്ടുള്ള അപാകതകളും ക്രമക്കേടുകളും പരിഹരിക്കുന്നതിന്റെ ഭാഗമായി ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതും, അതിൽ ഓഡിറ്റ് തടസ്സങ്ങൾ പ്രത്യേകം രേഖപ്പെടുത്തേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 469411 | 163, അംഗൻവാടി നിർമ്മാണം(5) | 454567 | 14844 |
| ജില്ലാ പഞ്ചായത്ത് | 142596 | 19, നെൽക്കൃഷി വികസനം | 87125 | 55471 |
| ജില്ലാ പഞ്ചായത്ത് | 200000 | 11, ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 1100000 | 173, MN ലക്ഷംവീട് ഇരട്ട വീട് പദ്ധതി | 800000 | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 1420000 | 17, ലൈഫ് ഭവന പദ്ധതി | 1400000 | 20000 |
| ബ്ലോക്ക് പഞ്ചായത്ത് | 2412506 | 18, ലൈഫ് ഭവന പദ്ധതി(SC) | 1040000 | 1372506 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | 11, ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | 173, MN ലക്ഷംവീട് ഇരട്ട വീട് പദ്ധതി(Spill Over) | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1000000 | 174, MN ലക്ഷംവീട് ഇരട്ട വീട് പദ്ധതി(Scp) | 100000 | 900000 |

## 4-2 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പദ്ധതിയുടെ പേര് | ബിൽ നം./ ചെക്ക് നം., തീ. | ഡെപ്പോസിറ്റ് തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ,51/20 | 314359 08.07.19 | 696000 | 0 | 696000 |
| കെ.എസ്സ്.ഇ.ബി | വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗിന് കെ.എസ്സ്.ഇ.ബിയിൽ തുക ഒടുക്കൽ, 200/20 | ലഭ്യമല്ല | 25431 | 0 | 25431 |
| കെ.എസ്സ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, 48/20 | 314356 8.7.19<br>837255 18.11.19<br>364573 20.7.2019<br>364575 20.07.19 | 388957<br>123664<br>53023<br>70800 | 0 | 636444 |

മേൽ പ്രവർത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ /വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 7660000 രൂപ വരവുണ്ട്.

| വായ്പയുടെ വിവരം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭം തിരിച്ചടയ്ക്കാനുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 22.09.2018ലെ PAN/22565/2018-J2 (DD) | 13528356 | 5868356 | 632353 | 12896003 |
| ഇ.എം.എസ് ലോൺ | 961/2016/LSGD തീയതി 20.03.2010 | 19326000 | 1474500 | 1474500 | 0 |

## 4-5 സ്ഥിരനിക്ഷേപം

| ക്രമനമ്പർ | സ്ഥാപനത്തിന്റെപേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | Dist.Co-Operative Bank, Ezhamkulam | 15.05.2019 | 1 വർഷം | 10000000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | തുക(രൂപ) |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 126510913 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 85637317 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി)ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(ഡി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച | തീർപ്പാക്കാൻ |
|---|---|---|

| റിപ്പോർട്ട് വർഷം | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി.റ്റി.എ.പി.3/772/97 തീയതി.29-04-98 | 13(3)(6),29,30,31(1),31(2),32 |
| 1998-99 | എൽ.എഫ്.പി.റ്റി.എ.പി.3/11/2000 തീയതി.02-12-2000 | 31 |
| 1999-00 | എൽ.എഫ്.പി.റ്റി.എ.പി.3/873/2000 തീയതി.01-03-01 | 30(3) |
| 2001-02 ജ.ആ | എൽ.എഫ്.പി.റ്റി.എ.പി.2/274/05 തീയതി.19-08-05 | 7 |
| 2001-02 വരവ് ചെലവ് | എൽ.എഫ്.പി.റ്റി.എ.പി.2/274/05 തീയതി.19-08-05 | 3-5 |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി.10.626/08 തീയതി.23.10.2008 | 3-4,3-13,3-7(B)1 To 6,3-7,3-8 3-9, 3-10, |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി.4/1408/07 തീയതി.21-12-07 | 3-7 To 3-12 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി.10/792/08 തീയതി.28-02-09 | 3-1,3-4(1),(2),(3), (4),3-5,2-2എ,2-2ബി,3-6 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.10/793/08 തീയതി.20-07-09 | 3-2,3-5, 3-6സി(1), (2)(3) |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.10/206/09 തീയതി.06-01-10/12-11-10 | 2-1,2-3(2), 2-4,2-5,2-6,3-11 To 3-18 3-21 To 3-24 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി.10/154/10 തീയതി 08/10/2010 | 3-1 To 3-5, 3-7,3-9,3-12, 3-15to 3-19 |
| 2008-09 | എൽ.എഫ്.പി.റ്റി.എ.പി.10/144/2011 തീയതി.26.09.13 | 3-17,314,3-15 |
| 2009-10 & 2010-11 | എൽ.എഫ്.പി.റ്റി.എ.പി.10/443/2013 തീയതി.01-10-13/04-09-14 | 3-1,3-3,3-5, 3-11 |
| 2011-12 | എൽ.എഫ്.പി.റ്റി.എ.പി.10/445/2013 തീയതി.01-10-13 | 3-4,3-8,3-10, 3-12,3-13(1), 3-17 |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി.10/1061/14 തീയതി.09-02-15 | 2-1 To 2-8, 3-2,3-5,3-6 |
| 2013-14 & 2014-15 | കെ.എസ് .എ പി.റ്റി.എ. പി.10/7351/15 തീയതി.12-08-15/24.08.15 | 1-3,3-6,3-16 |
| 2015-16 | കെ.എസ്.എ പി.റ്റി.എ.പി10-1203/16 തീയതി 17.11.2016 | 1-3,1-12, 1-15,3-2,3-5, 3-7,3-8 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി10/979/2017 തീയതി 11.09.2017 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി10/1573/18 തീയതി.7.01.2019 | എല്ലാ ഖണ്ഡികകളും |
| 2018-2019 | കെ.എസ്.എ.പി.റ്റി.എ.പി10/93220/19 തീയതി 05.12.2019 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്